# തുഞ്ചത്തെഴുത്തച്ഛൻ

പുസ്തകം 11 | 1961 ഫെബ്രുവരി | ലക്കം 10


15 APR 1961 MADRAS

## പ്രാർത്ഥന

ഗർഭസ്ഥനായ് ഭുവി ജനിച്ചും മരിച്ചുമുട-
കല്ലോലപോലെ ജനനാന്ത്യേന നിത്യഗതി
തദ്ഭക്തിവർദ്ധനമുദിക്കേണമെന്മനസി
നിത്യം തൊഴായ്‌വരിക, നാരായണായ നമഃ

— * —

## ആചാര്യസൂക്തികൾ

### ദേഹോഹംബുദ്ധി കൈവെടിയുക

കളകതവ ഹൃദി സപദി തത്വബോധേന നീ
കാമകോപദ്വേഷലോഭമോഹാദികൾ
കമലഭവസുതതനയനന്ദനനാകയാൽ
കർബുരഭാവം പരിഗ്രഹിയായ്ക നീ
മനുജസുരമനുജഖഗമൃഗഭുജഗഭേദേന
ദേഹാത്മബുദ്ധിയെ സന്ത്യജിച്ചീടു നീ
പ്രകൃതിഗുണപരവശതയാ ബദ്ധനായ്പ്പും
പ്രാണദേഹങ്ങളുമാത്മാവല്ലറികെടോ
അമൃതമയനജനമലനദ്വയനവ്യയ-
നാനന്ദപൂർണ്ണനേകൻ പരൻ കേവലൻ
നിരുപമനമേയനവ്യക്തൻ നിരാകുലൻ
നിർഗ്ഗുണൻ നിഷ്കളൻ നിർമ്മമൻ നിർമ്മലൻ
നിയമപരനിലയനനന്തനാദ്യൻ വിഭു
നിത്യൻ നിരാകാരനാത്മാ പരബ്രഹ്മം
വിധി ഹരിഹരാദികൾക്കും തിരിയാത്തവൻ
വേദാന്തവേദ്യനവേദ്യനജ്ഞാനിനാം
സകലജഗദിദമറിക മായാമയം വിഭോ
സച്ചിന്മയം സത്യബോധം സനാതനം
ജഡമഖിലജഗദിദമനിത്യമറിക നീ
ജന്മജരാമരണാദി ദുഃഖാന്വിതം
അറിവതിനു പണി പരമപുരുഷമറിമായങ്ങ-
ളാത്മനാമാത്മനാ കണ്ടു തെളിക നീ.

— * —

# ആചാര്യപഞ്ചകം

കെ. എം. നായർ.

1 ആർതൻഭാസുര ഭാവനാവിലസിതം
വിണ്ണിന്നുപോലും കവി-
ഞ്ഞുള്ളത്തിൽ വല്യതാമസൂയവളരും-
വണ്ണം വളർത്തങ്ങനെ,
ചേലിൽ കേരളവാണിയെപ്പരമ സൌ-
ഭാഗ്യത്തിലാറാട്ടിയ-
ത്തുഞ്ചത്താൻ ലസിക്കുമ ഗ്ഗുരുവരൻ
മേന്മേൽ ജയിക്കുന്നുതേ.

2 നാലും പിന്നെയൊരാറുമിട്ടു വടിവിൽച്ചുററിച്ചിട്ടും
ചക്കിൽ നി-
ന്നാലും സ്നേഹരസത്തിനാലെവനിളക്കാററിപ്പെരുത്താമയം
മങ്ങാതെന്നുമവിദ്യയാകുമിരുളിൽ രത്നപ്രദീപം തെളി-
ച്ചെങ്ങും കാന്തിവമിച്ചൊര ഗ്ഗുരുവരൻ മേന്മേൽ ജയിക്കുന്നുതേ.

3 ആക്കോലും പ്രതിഭാപ്രഭാവമമലം, വാനാളുമാവാടിയും
ചേലിൽക്കോൾമയിർ പൂണ്ടുവാഴുമളവിൽ തൻപൈങ്കിളി
ത്തയ്യലായ്
ആലാപിച്ചിതുപഞ്ചമത്തിൽ മധുരാ രാമായണം, പഞ്ചമം
വേദം, ഭാഗവതാദിയഗ്ഗുരുവരൻ മേന്മേൽ ജയിക്കുന്നുതേ.

4 സഹ്യൻ നിശ്ചലഗാത്രനായമരവേ വീരാസനത്തിൽ, വനം
താളത്തിൽ തലയാട്ടിനിന്നു സരസം മെല്ലെജ്ജപിച്ചീടവേ,
പാടിച്ചോലകളാടവേ, ഹരികഥാസങ്കീർത്തനം ചെയ്തൊരാ-
യോഗീന്ദ്രൻ കവിപുംഗവൻ ഗ്ഗുരുവരൻ മേന്മേൽ
ജയിക്കുന്നുതേ.

5 കാലുഷ്യങ്ങളകററി,യമ്പിൽ കലിതൻ
മാലിന്യമാററി,പ്പരം
തത്വജ്ഞാനമിയററി, നിത്യഭവികം
ചേർത്തിട്ടുസംധ്യക്കളിൽ
ഏവൻ വൈഖരി മാനസത്തിനമലാ-
മോദത്തെയൂട്ടിസ്സദാ
രാജിക്കുന്നിതു നിത്യമഗ്ഗുരുവരൻ
മേന്മേൽ ജയിക്കുന്നുതേ.

— * —

# ഈശ്വരവിലാസം

(തുടർച്ച)

കെ. ജനാർദ്ദനൻ തമ്പാൻ

"മനുഷ്യൻെറ വിധിതമായ ജീവിതാർത്ഥം തൻെറ അതീതജന്മജന്യമായ ദുർവ്വാസനാപ്രകൃതിയെ കീഴ്പ്പെടുത്തി സ്വയം ഉദ്ധരിക്കുക എന്നതാണ്; തന്നിലെ തിന്മകളെ തീരെ ഇല്ലായ്മചെയ്തു് നന്മയെ തൽസ്ഥാനത്തു് പ്രതിഷ്ഠിയ്ക്കലുമാണതു്. എന്തെന്നാൽ ജീവിതം എന്നും നന്മതിന്മകളുടെ രണ്ടു ശക്തികൾ തമ്മിലുള്ള ദ്വന്ദ്വയുദ്ധമാണ്. ദൈവീശക്തിയും ആസുരീശക്തിയും തമ്മിലുള്ള പോരാട്ടം നമ്മളേവരുടേയും ഉള്ളിൽ എല്ലായ്പ്പോഴും നടന്നുകൊണ്ടിരിക്കുന്നു. അതിനാൽ പ്രാർത്ഥന ചെയ്യുക എന്നാൽ, നമ്മെ ബാധിക്കുന്ന താമസികശക്തികളുടെ പിടിയിൽനിന്നു് മുക്തരാകുവാൻ നാം ഈശ്വരനുമായി ഒരു സഖ്യം ചേരുക എന്നാണർത്ഥം.........

"പ്രാർത്ഥന ഒരു യാചനയല്ലേ? ആരോടാണ് നാം പ്രാർത്ഥിയ്ക്കുമ്പോൾ യാചിയ്ക്കുന്നതു്?"—അങ്ങനേയും ഒരു സംശയവും ചോദ്യവുമുണ്ടു്. അതെ, പ്രാർത്ഥന ഒരു യാചനയാണെന്നിരിയ്ക്കട്ടെ. എന്നാൽ ഞാൻ യാചിക്കുന്നതു മററാരോടുമല്ല, എന്നോടുതന്നെയാണ്. എൻെറ ഉത്തമസത്വത്തിനോടു്, യഥാർത്ഥമായിട്ടുള്ള എൻെറ ആത്മസത്യത്തിനോടു് ആകുന്നു ഞാൻ പ്രാർത്ഥിക്കുന്നതു്. എന്തെന്നാൽ എൻെറ ആ സൽസ്വരൂപത്തോടു് ഞാനിനിയും പരിപൂർണ്ണമായ ഐക്യം നേടിക്കഴിഞ്ഞിട്ടില്ല. അതിനാൽ നമ്മളിൽതന്നെ അന്തർലീനമായിരിക്കുന്ന ദിവ്യതയെ ഉണർത്താനുള്ള യത്നമാണ് പ്രാർത്ഥന. സമസ്താലംബമായ സദാത്മചൈതന്യത്തിൽ സ്വയം ലയിയ്ക്കുവാനുള്ള തുടർച്ചയായൊരു ഇച്ഛയാണ് പ്രാർത്ഥന.

"ജീവനു് തൻെറ സൃഷ്ടികർത്താവുമായി ഐക്യം കൊള്ളുവാൻ അടങ്ങാത്തൊരു വ്യഗ്രതയുണ്ടു്. തദൈക്യത്തിന്നു് അനുഗ്രഹിയ്ക്കേണമേ എന്നുള്ള ജീവൻെറ അഭ്യർത്ഥനയാണ് ഈശ്വരപ്രാർത്ഥന. ജഗൽകർത്താവായ ആ അത്ഭുതകുംഭകാരൻെറ ദിവ്യമായ കരങ്ങളിലെ കളിമണ്ണാകാവൂ താൻ എന്നൊരു നിവേദനം; തൻെറ ഇച്ഛയും ബുദ്ധിയും കരണങ്ങളുമെല്ലാം, ശുദ്ധസാത്വികശക്തിയായി, തന്നിൽതന്നെ കുടികൊള്ളുന്ന ആ അധീശനു് അടിയറവെയ്ക്കൽ;—അതാണ് പ്രാർത്ഥന. കേവലസത്യചൈതന്യത്താൽ ഉള്ളം പൂർണ്ണമാകുവാനുള്ള അടങ്ങാത്തൊരു അഭിലാഷമാണ് പ്രാർത്ഥന............

"നമുക്കു് വിശ്വാസമുണ്ടെങ്കിൽ, നമ്മുടെ ഉള്ളം പ്രാർത്ഥനാമയമാണെങ്കിൽ, ഈശ്വരനെ നാം പരീക്ഷിയ്ക്കില്ല. ഈശ്വരനോടു് ഒരു കരാറും നാം ആവശ്യപ്പെടുകയില്ല. നാം നമ്മെത്തന്നെ വെറും ശൂന്യമാക്കിത്തീർക്കണം.

ഭക്തൻ തൻെറ ഭഗവാൻെറ മുന്നിൽ അഭിമാനമെല്ലാം കളഞ്ഞണയണം.
അഹന്തയെ ത്യജിയ്ക്കാതെ നമുക്ക് പ്രകൃത്യാ നമ്മളിലുള്ള അസദ്ഭാവങ്ങ
ളെ, നമ്മുടെ ദുഷ്ടതമഃ പ്രകൃതിയെ, വെല്ലുവാനാവില്ല. തന്നെത്താൻ വെന്നെ
ഴുന്ന ഈ നിർദ്ദോഷസ്വാതന്ത്ര്യം ഒന്നുമാത്രമാണ് സ്പൃഹണീയം. ഈ സ്വാ
തന്ത്ര്യം വേണമെന്നുള്ള പ്രാർത്ഥനാശീലനോട് ഈശ്വരൻ ആവശ്യപ്പെടുന്നത്
ഭക്തൻെറ പരിപൂർണ്ണമായ അഹം—മമാഭിമാനത്യാഗത്തിൽ കുറഞ്ഞൊന്നു
മില്ല. സ്വാഹന്താഭിമാനം തനി ശൂന്യമാക്കുംവിധം ഈശ്വരഭാവനയിൽ
ആത്മവിലയം വരുത്തുന്ന പ്രാർത്ഥനാശാലി പുതിയൊരാളായിത്തീരും. "സർവ്വ
ഭൂതഹിതേരത"നായി സമുദ്യുക്തനാവും അയാൾ. സമസ്തസൃഷ്ടിസേവനങ്ങളിൽ
അക്ഷീണം ഏർപ്പെട്ടുകൊണ്ടിരിക്കുന്ന അയാൾക്ക് അതുതന്നെയാവും നിത്യാ
നന്ദം....................

"നാവിൽനിന്നു് തേൻമൊഴി ചിന്തുന്നവരെങ്കിലും നെഞ്ചകം നഞ്ചേന്തു
ന്നവരുടെ പ്രാർത്ഥനയെ ചെവികൊള്ളുകയില്ല ഈശ്വരൻ. അതുകൊണ്ട് ഈ
ശ്വരനോട് ഫലപ്രദമാകുംവണ്ണം പ്രാർത്ഥിക്കണമെന്നുള്ളവർ തങ്ങളുടെ ഉള്ള
റയെ നിർമ്മലമാക്കിവെയ്ക്കണം. മഹാനായ ഹനുമാനു് എന്നിവാസനായിരു
ന്നു രാമൻ, നാവിലെ നാമത്തിൽ മാത്രമല്ല. വിശ്വാസത്തിലാണ് അദ്ദേഹ
ത്തിന്നതു് സാധിച്ചതു്. തൻെറ ഉള്ളത്തിൽ സർവ്വേശ്വരൻെറ നിത്യസാ
ന്നിധ്യമുണ്ടെന്നുള്ള ഉണർവ്വുററ തൻേറടമായിരുന്നു ആ വിശ്വാസം. അത്ത
രം വിശ്വാസമാർജ്ജിച്ചിട്ടുള്ള ആൾക്കു പിന്നെ മറെറാരു ലഭ്യത്തിൻേറയും
അപേക്ഷയില്ല. ബാഹ്യബാധകളാൽ അയാളുടെ ശരീരം ദുർബ്ബലപ്പെ
ട്ടാൽപോലും നിർമ്മലമനസ്സായ അയാൾ ആത്മീയാരോഗ്യത്താൽ സുഖസ
മ്പന്നനാവും. മനസ്സ് അത്രയും വിശുദ്ധമാക്കുന്നതെങ്ങനെ എന്നു് ചോദി
ച്ചേക്കാം. നാവിൻെറ ഭാഷ എളുപ്പം പഠിപ്പിയ്ക്കാവുന്നതാണ്. ഹൃദയത്തി
ൻെറ ഭാഷ ആർക്കാണ് പഠിക്കാനൊക്കുക. യഥാർത്ഥ ഭക്തനുമാത്രമേ ആ
ഭാഷ അറിയുകയുള്ളു. അങ്ങനത്തെ ഉത്തമഭക്തന്മാരെ കണ്ടുകിട്ടുവാൻ ബ
ഹുപ്രയാസം. അതിനാലാണ് ഞാൻ സേവനയോഗത്തെ മാർഗ്ഗമായി കൈ
ക്കൊള്ളുന്നതു്. തൻെറ സങ്കടപ്പെടുന്ന സഹജീവികളെ, ദീനരായ സഹ
ജാതരേ, സേവനം ചെയ്യുന്നവൻെറ ഹൃദയത്തിൽ സ്വയം കുടികൊള്ളും ദ
യാമയനായ ഈശ്വരൻ. അതിനാൽ ഭക്തനാവാൻ ആഗ്രഹിക്കുന്ന ആൾ തൻെറ
ത്രിവിധകരണങ്ങളെക്കൊണ്ടും അധഃകൃതരും പീഡിതരും പരവശരുമായ
മനുഷ്യസഹോദരരുടെ പരിചരണകർമ്മങ്ങളിൽ ഏർപ്പെടുകതന്നെവേണം.
പരസേവനം പ്രാർത്ഥനാപരമാക്കിത്തീർക്കും ഹൃദയത്തെ...............

"വെറും വാക്കുകൾ വാവിടുകയല്ലാ പ്രാർത്ഥന. ഏതാനും ശബ്ദങ്ങളുടെ,
മന്ത്രങ്ങളുടെ, സ്തവങ്ങളുടെ, യാന്ത്രികമായ വചനമോ ശ്രവണമോ അല്ലാ പ്രാ
ർത്ഥന. ആരാധനയും പ്രാർത്ഥനയും നാവുകൊണ്ടുമാത്രം പോരാ. അതു് ഹൃദ
യോൽഗമങ്ങളാവണം. രാമനാമം എണ്ണമററസംഖ്യ ഉരുക്കഴിച്ചാലും അതു്
അന്തരാത്മാവിനെ ഉണർത്താത്തവിധത്തിലാണ് നടത്തുന്നതെങ്കിൽ ആ ജപം

വൃത്തിജപം തന്നെ. ഉൾപുളകംകൊള്ളാത്ത വാങ്മയപ്രാർത്ഥനയേക്കാൾ ഹൃദയംഭാവമയമാകുന്ന വാഗ്രഹിത മൗനപ്രാർത്ഥനയാണ് വരേണ്യം. വിശപ്പുള്ള ആൾക്ക് വെടിപ്പായൊരു ഊണ് എത്രമാത്രം ആസ്വാദ്യമോ അത്രതന്നെ ആസ്വാദ്യമാണ് ഭക്തിക്ഷുത്താർന്ന ഹൃദയത്തിന്ന് ഭാവസ്നിഗ്ധമായൊരു ഭഗവൽപ്രാർത്ഥന. എന്റെ സഹപ്രവർത്തകരുടേയും എന്റേയും അനുഭവലേശമാണ് ഞാനെടുത്തുപറയുന്നതു്. പ്രാർത്ഥനയുടെ മാന്ത്രികവശത അനുഭവപ്പെട്ടിട്ടുള്ള ആൾക്ക് ഊണുകൂടാതെ നാളുകൾതന്നെ കഴിയ്ക്കാനാവും, പക്ഷെ പ്രാർത്ഥനകൂടാതെ ഒററ മുഹൂർത്തംപോലും കഴിയ്ക്കാൻ ദുഷ്കരമാണ്........

“ഹാർദ്ദമായ പ്രാർത്ഥന പ്രാർത്ഥനാശീലന്റെ ഓരോ വാക്കിലും വിചാരത്തിലും പ്രവൃത്തിയിലും പ്രതിഫലിച്ചുകാണണം. നീചവിചാരങ്ങൾക്ക് ഇപ്പോഴും വശപ്പെട്ടുപോകുന്ന പ്രാർത്ഥനാശീലൻ എങ്കിൽ അതിന്റെ അർത്ഥം അയാളുടെ പ്രാർത്ഥന ജിഹ്വാവിലാസമേ ആവുന്നുള്ള എന്നാണ്. തഥൈവ ചീത്ത വാക്കുകൾ തന്നിൽനിന്ന് പുറപ്പെടുന്നുവെങ്കിൽ, അസാധുകർമ്മങ്ങൾ താൻ ചെയ്തുപോകുന്നുവെങ്കിൽ; അതെല്ലാം കുറിക്കുന്നതു് തന്റെ പ്രാർത്ഥന വ്യർത്ഥമായ വാക്കുകൾ മാത്രമേ ആകുന്നുള്ളുവെന്നാണ്. യഥാർത്ഥപ്രാർത്ഥനാശാലി ഈ ത്രിവിധ ദൂഷണങ്ങളുടേയും ബാധകൾക്കു വിധേയനാവുകയില്ല. എന്നാൽ നമ്മുടെ പ്രാർത്ഥന ആത്മാർത്ഥമായാലും ആരംഭത്തിൽതന്നെ അതു നമ്മെ സിദ്ധിപദത്തിലെത്തിച്ചു എന്നു വരില്ല. നമുക്ക് നമ്മോടുതന്നെ വല്ലാതെ മല്ലിടേണ്ടിവരും. വിശ്വാസം വരാത്ത, വിശ്വസിക്കുവാൻ കൂട്ടാക്കാത്ത നമ്മെ നാം വല്ലപാടും വിശ്വസിപ്പിക്കുകതന്നെ വേണം ക്ഷമയെ അക്ഷയമായി പരിപാലിക്കേണ്ടിവരും പ്രാർത്ഥനാശീലത്തിന്റെ നിഃശ്രേയസം അനുഭവപ്പെട്ടുതുടങ്ങാൻ. നാം ഘോരാന്ധകാരത്തിലകപ്പെട്ടേയ്ക്കാം; നമ്മുടെ മനസ്സിടിഞ്ഞുപോയേയ്ക്കാം; അതിലും കവിഞ്ഞ പലതും വന്നുപെട്ടേയ്ക്കാം; എന്നാലും നാം ഭീരുത്വത്തിന്നടിപെടരുതു്. തമസ്സിന്റെ ദുർമ്മൂർത്തികളോടൊക്കെ എതിർത്തു് മുന്നേറുവാൻ മനക്കരുത്തുണ്ടാകണം. പ്രാർത്ഥനാശ്രയന്ന് പിന്നോക്കം പോകെന്നതില്ല............

“ഞാനിതെല്ലാം വല്ല മുത്തശ്ശിക്കഥയായി പറയുകയല്ല. കാല്പനികചിത്രങ്ങൾ വരയ്ക്കുകയുമല്ല. തങ്ങൾക്കും മനുഷ്യസ്വാഭാവികമായ ബഹുവിധദൗർബല്യങ്ങളുണ്ടായിട്ടും നിരവധി വിഘ്നങ്ങൾ നേരിടേണ്ടിവന്നിട്ടും അതെല്ലാം ഈശ്വരപ്രാർത്ഥനാദി സന്മാർഗ്ഗം മാത്രമാശ്രയിച്ച് ജയിച്ച്തരണം ചെയ്ത് സദ്ഗതിയാർന്നിട്ടുള്ള അനേകം ആളുകളുടെ, ജീവിതോദാഹരണങ്ങളുണ്ടു്. അതെല്ലാം ഓർത്തുകൊണ്ടു് പറയുന്നതാണ് ഞാൻ. കൂട്ടത്തിൽ എന്റേയും എളിയ അനുഭവങ്ങൾ തെളിവിന്നെടുക്കുകയാണ്. എന്റെ വിശ്വാസത്തിനോടും പ്രാർത്ഥനാശീലത്തിനോടും—ഈ രണ്ടും കാര്യത്തിൽ എനിയ്ക്ക് ഒന്നുതന്നെയാണ്—ഞാൻ എത്രമാത്രം കടപ്പെട്ടിരിക്കുന്നു എന്ന് നാളുകൾ ചെല്ലുംതോറും എനിയ്ക്ക് അധികമധികം ബോധിക്കുന്നു. നാല്പതു് കൊല്ലക്കാലത്തെ അഖണ്ഡപരിശീലനത്തിന്റെ അനുഭവങ്ങൾ അനുസ്മരിച്ചുകൊ

ണ്ടാണ് ഞാനിതു പറയുന്നതു്. കനത്ത തോൽവികൾ, അന്തമററ അന്ധകാരങ്ങൾ, അഹന്താഭിമാനാദിയുടെ സൂക്ഷ്മതരാക്രമണങ്ങൾ! അങ്ങനെ പലതും എന്നെ വല്ലാതെ വലച്ചിട്ടുണ്ടു്. എന്നാലെന്റെ വിശ്വാസം—അതിനിയും ഞാനാഗ്രഹിക്കുംവിധം വിശുദ്ധിയിൽ വൃദ്ധിയാർന്നിട്ടില്ലെങ്കിലും—ആണ് എന്നെ ആ പ്രാതികൂല്യങ്ങളോരോന്നിനേയും ജയിച്ചുകടന്നു് പോരുവാൻ പോന്നവനാക്കിയതു്.

“പ്രാർത്ഥനയുടെ ഫലിതത്തെ ബാഹ്യദൃഷ്ടാന്തങ്ങൾകൊണ്ടല്ലാ നിർണ്ണയിക്കേണ്ടതു്. യാതൊരുവന്റെ ചേതസ്സ് ഈശ്വരഭരിതമാകുന്നു, അവന്റെ സാധാരണ നടപടികൾപോലും തൽസത്യദ്യോതകങ്ങളാവണം. അങ്ങനെ ഭക്തന്റെ ആകമാനം പരിവർത്തനം വരുന്ന സ്വഭാവകർമ്മങ്ങളിലാണ് പ്രാർത്ഥനാശീലത്തിന്റെ സാഫല്യം തെളിയേണ്ടതു്. അങ്ങനത്തെ ഒരു ഭക്തന്റെ ഓരോ ശ്വാസോച്ഛ്വാസവും ഭഗവന്നാമസഹിതമായിരിക്കും. അയാളുടെ ദേഹേന്ദ്രിയങ്ങൾ നിദ്രാവശമാവുമ്പോഴും അയാളുടെ അന്തരംഗരാമൻ പ്രജാഗരനായിരിക്കും. അയാളുടെ എല്ലാ പെരുമാററത്തിലും രാമസാന്നിദ്ധ്യമുണ്ടാവും” * * * * *

എന്നാൽ പ്രാർത്ഥനാകീർത്തനങ്ങളുടെ പ്രായോഗികതകൾക്കും ഉപരിയായ ഒരു പരിപൂർണാവസ്ഥയുണ്ടു്. ആ നിറവേററത്തെപ്പററിയും നമുക്കൊരു മുന്നറിവുണ്ടാകേണ്ടിയിരിക്കുന്നു.

എണ്ണമററതാണ് ജീവരാശികൾ. അനേകമാണീ മനുഷ്യവർഗ്ഗങ്ങൾ. ഇങ്ങനെ ബഹുവിധവും അസംഖ്യവുമായ ചേതനാചേതനരൂപങ്ങളുടെ സമഷ്ടിയായ ഈ വിശ്വം വാസ്തവത്തിൽ, ഭൗതികദൃഷ്ടികൊണ്ടു് നോക്കിയാലും ആത്മീയഭാവത്തിൽ നോക്കിയാലും ഏകാത്മകമാണ്. നമ്മിളിലെല്ലാം ഒരുപോലെ അന്തസ്ഥിതനായിരിക്കുന്ന ആത്മാവുതന്നെയാണ് നമ്മുടെ എല്ലാം ദേഹേന്ദ്രിയാഭിരൂപവ്യത്യാസങ്ങൾക്കും അതീതനായി സമഭാവേന വർത്തിക്കുന്ന ഈശ്വരൻ. അതിനാൽ ഭൗതികഭാവത്തിലായാലും ആത്മഭാവത്തിലായാലും—“പ്രകൃത്യാ പുരുഷേണ ച”—ഈശ്വരാകാരമാണ് ഈ മാനവമഹാസമുദ്രം. ഇതിൽ ആത്മഭാവേന തന്മയത്വം പ്രാപിക്കുന്ന ഭക്തൻ ഈശ്വരനെപ്പോലെ നിത്യമുക്തനായി ഭവിക്കുന്നു. പിന്നെ ആ ഭക്തനു്, “ഈശ്വരനെപ്പോലെത്തന്നെ വിശ്രമമെന്നതില്ല, വിശ്രമത്തിന്റെ ആവശ്യവുമില്ല. അയാൾ ഈശ്വരസാധർമ്മ്യത്തോടെ അതന്ദ്രിതനായി കർമ്മങ്ങൾ നടത്തിക്കൊണ്ടിരിക്കും. താദൃശ അവിരാമപരിശ്രമത്തിലാണ് വിശ്രമത്തിന്റെ രഹസ്യം സ്ഥിതിചെയ്യുന്നതു്.” ഈശ്വരനെപ്പോലെത്തന്നെ തനിക്കും കർമ്മത്തിന്റെ ആവശ്യമൊന്നുമില്ലെങ്കിലും കർമ്മങ്ങൾ ചെയ്തുകൊണ്ടേ ഇരിക്കുന്ന ഭക്തനാണ് നൈഷ്കർമ്മ്യം എന്ന അവാച്യശാന്തി അനുഭവപ്പെടുന്നതു്. നിർവ്വചനീയമായ ആ സംപൂർണ്ണതയെ സൂചിപ്പിച്ചുകൊണ്ടു് ഗാന്ധിജി തന്റെ ജീവിതദർശനത്തെ സംഗ്രഹിക്കുന്നതിപ്രകാരമാണ്:—

“മനുഷ്യന്റെ പരിണാമവികാസത്തിൽ പരമമായൊരു പദവിയുണ്ടു്. അതിലെത്തിയാൽപിന്നെ ഒരുവന്നു് തന്റെ വിചാരങ്ങൾ ഉച്ചരിക്കേണ്ടതില്ല. അയാളുടെ അന്തരാശയം സ്വയം പ്രകടനങ്ങളൊന്നുംകൂടാതെ പ്രവൎത്തിതങ്ങളായിവരും. അത്രക്കൊരു പ്രേരകശക്തി അയാളുടെ സൽസങ്കല്പങ്ങൾക്കു് സിദ്ധിക്കും. അങ്ങനത്ത “സൎവ്വഭൂതാത്മ ഭൂതാത്മാ”വിന്റെ കൎമ്മരാഹിത്യം തന്നെ സൽകൎമ്മങ്ങളെ—സൽപ്രവൎത്തനങ്ങളെ—സൃഷ്ടിക്കും. അതൊരു നിറവേററമാണു്. അതിലേക്കാണു് എന്റെ പ്രാൎത്ഥനാസേവനാദിപ്രയത്നങ്ങളെല്ലാം ചെല്ലുന്നതു്. അത്യുൽകൃഷ്ടമാണു് ആ പദവി. എങ്കിലും മനുഷ്യന്നു് അതിവിടെ അനുഭവപ്പെടുത്താവുന്നതുതന്നെയാണു്.” *

മനോജ്ഞവും ആദരണീയവുമായ ആശയം! ഏററവും അഭിലഷണീയമായൊരവസ്ഥ! എന്നാൽ ആ ഉത്തുംഗപദവിയിലെത്തുന്നതും അവിടത്തെ വിമലശീതളമായ വിരളവായുവിൽ വിഹരിക്കുന്നതും കാമനകളുടെ കനംതൂങ്ങാത്ത ഈശ്വരപ്രാൎത്ഥനച്ചിറകുകൾ വിരുത്തി ഉയൎന്നു് പാറിപ്പോകാവുന്ന ഏതാനും പരമഹംസസിദ്ധരോ ഏകാന്തഭക്തരോ മാത്രമല്ലേ? നാനാമാതിരി തൃഷ്ണകളുടെ ഊഷ്മളബാഷ്പം കൊണ്ടാകുലമായ തങ്ങളുടെ മാനസാന്തരീക്ഷത്തിൽ നിന്നു് പൊങ്ങിപ്പോകുവാൻ സാധാരണക്കാൎക്കു് സാധിക്കുമോ? ഈശ്വരനിൽ അഹൈതുകീഭക്തി വന്നവൎക്കും, ഭഗവൽകൈങ്കൎയ്യമെന്ന നിലയിൽ മാത്രം—അഥവാ പരോപകാരാൎത്ഥം മാത്രം ഫലത്തിൽ അനാസക്തരായി കൎമ്മങ്ങളനുഷ്ഠിച്ചു് യദൃച്ഛാലാഭ സന്തുഷ്ടരായിക്കഴിയുന്നവൎക്കും, മതിയായ നിൎവ്വിഷയ പ്രാൎത്ഥന മതിയാം? ലൌകികരും “പ്രാരബ്ധ”ക്കാരുമായ സാധാരണ ഈശ്വരവിശ്വാസികൾക്കു്? “ഈശ്വരാ! ഈ പരീക്ഷയിൽ വിജയംവരുത്തിത്തരേണമേ!—ദൈവമേ! ഈ ദണ്ണം മാററിത്തരേണമേ!—ഈ നോവാററിത്തരണേ എന്റീശ്വര!! ഈ സങ്കടങ്ങളൊടുക്കേണമേ ദൈവമേ!—ഈ ഭയപ്പാടകറേറണമേ ഭഗവാനേ!—” അങ്ങനെ ഓരോരിക്കലും പ്രാൎത്ഥിക്കാതിരിക്കാൻ വയ്യുമോ നമുക്കു്? അമ്മാതിരി ഈശ്വരപ്രാൎത്ഥനകൾ—യാചനകൾതന്നെ—ചെയ്യുന്നതു് അരുതാത്തതാണോ, വെറുതെയാണോ?

---

* ഇവിടേയും ഇതിന്നുമുമ്പും ഉദ്ധരിച്ചിട്ടുള്ള ഗാന്ധിവചനങ്ങൾക്കു് അവലംബം “ഹിന്ദുധൎമ്മം” എന്നപേരിൽ പ്രസിദ്ധപ്പെടുത്തീട്ടുള്ള ഗാന്ധിയുടെ ഒരു ലേഖന സമാഹാരഗ്രന്ഥവും, ശ്രീ. പിയാരിലാൽ എഴുതീട്ടുള്ള “മഹാത്മാ—ദി ലാസ്റ്റ് ഫേയ്സ്” എന്ന ഇതിഹാസമഹിമയാൎന്ന ബൃഹൽസാഹിത്യകൃതി(2-വോള്യം)യുമാണു്. എന്നാൽ പ്രസ്തുത കൃതികളിൽ പലേടത്തും പല അവസരങ്ങളിലുമായി കൊടുത്തിട്ടുള്ള ഗാന്ധിജിയുടെ അഭിപ്രായങ്ങളും പ്രസ്താവനകളും ഈ ഉപന്യാസത്തിൽ ഏകത്ര, മാലാകാരന്യായേന, കോൎത്തിടുകയാണു് ചെയ്തിട്ടുള്ളതു്. ഗാന്ധിവാക്യങ്ങൾ തൎജ്ജിമചെയ്യുമ്പോൾ വാച്യാൎത്ഥത്തേക്കാൾ വ്യംഗ്യാൎത്ഥം—ലേഖകനു് ഗ്രാഹ്യമായേടത്തോളം—പ്രകാശിപ്പിക്കുവാനാണു് ശ്രമിച്ചതു് എന്നുകൂടി ക്ഷമാപണസഹിതം പ്രസ്താവിക്കുന്നു.

# പുണ്യസ്ഥലം

ചെക്കാട്ട് ശങ്കരനാരായണനെമ്പ്രാന്തിരി.

1

വരട്ടെയങ്ങോട്ടു കടക്കുവാനെൻ
പദങ്ങളേ, ഞാൻ കഴുകിച്ചിടട്ടെ,
അജ്ഞാനമാർഗ്ഗത്തിലിതേവരേയും
ചരിയ്ക്കയാൽ പങ്കിലരാണുനിങ്ങൾ.

2

ഇതോ, മഹത്തത്വമഹസ്സു ചിന്നും
രാമാനുജാചാര്യമണി പ്രദീപം
ശ്രീ ഭാർഗ്ഗവക്ഷേത്രമിതിൽ സമർപ്പി-
ച്ചുദാരയാം പാവന ഭൂമിയല്ലോ.

3

നമിയ്ക്കുകീ മണ്ണിനെയെൻ ശിരസ്സേ,
സമിദ്ധഭക്ത്യാദരമാർദ്രമായ് നീ
നമുക്കു പിന്നീടു കടന്നു ചുററി-
നടന്നു നോക്കാമവിടത്തിലെല്ലാം.

4

സരസ്വതീദേവി മുദാ കളിച്ചു
വളർന്നതാമീ സ്ഥലമാസ്ഥയോടെ
മണൽത്തരിപ്പുഞ്ചിരിതൂകി വിദ്യാ-
തൃഷ്ണർക്കിതാ, സ്വാഗതമോതിടുന്നു.

---

നിശ്ചയമായിട്ടും അല്ല. നമ്മുടെ എന്താവശ്യവും വിശ്വംഭരനോടു—അതു് വിശ്വംഭരനോടുമാത്രമാകണമെന്നേ ഉള്ളു—ഉണർത്തിയ്ക്കാവുന്നതാണു്. നിർദ്ദിഷ്ടമായ—പരദ്രോഹകരമല്ലാത്ത—എന്തു യാചനയും ഈശ്വരനോടു് ഉണർത്തിക്കുന്നതു് അബദ്ധമല്ലാ, വെറുതേയുമാവില്ല എന്നു് ഭഗവൽഗീതാദിശാസ്ത്രങ്ങളും മഹാഭാഗവതന്മാരും വിളംബരം ചെയ്തിട്ടുണ്ടു്. പക്ഷെ നമ്മുടെ പ്രാർത്ഥനക്കു് ലഭിക്കുന്ന ഫലം പലപ്പോഴും നാം കൊതിക്കുംപോലെയായില്ലെന്നുവരാം. അതിന്നു് കാരണം നമ്മുടെ ആന്തരമെത്ത നമ്മേക്കാൾ ശരിയായറിയുന്നതു് ജ്ഞാനസ്വരൂപനായ ഈശ്വരനാണു്. നമുക്കു് പ്രിയമായതിനേക്കാൾ ഹിതമായതിനെയാണു് വരദനായ ഈശ്വരൻ അനുവദിക്കുക. അതിനാൽ നമ്മുടെ പ്രാർത്ഥനകളുടെ ഫലമായി നമുക്കു് കൈവരുന്ന പലതിന്റേയും നന്മകൾ നാം ഉടനടി കണ്ടില്ലെന്നുവരും. (തുടരും)

5

കാണുന്നു ഹാ! ഭാസുര ഭദ്രദീപ-
പ്രഭാന്വിതം മന്ദിരമൊന്നുമുമ്പിൽ;
പണ്ടെന്നപോലിന്നുമിതാൎക്കുമുള്ളിൽ
പ്രകാശമേകാൻ തെളിവെന്നപോലെ.

6

വിശിഷ്ടനാമഗ്ഗുരു നാട്ടിയുള്ള
സാഹിത്യയജ്ഞധ്വജരാജി പോലെ;
നിരന്നുയൎന്നീമഹനീയഭൂവിൽ
നിറച്ചുകേരാവലി നിന്നിടുന്നു.

7

ഇത്തെങ്ങിനം നൽത്തണലാസ്സരിച്ചും,
പീയൂഷകുംഭം തലയിൽധരിച്ചും
തൃഷ്ണാകുലന്മാൎക്കരുളുന്നു നിത്യം
തൽഗ്രന്ഥപാരായണജന്യസൗഖ്യം.

8

ഇങ്ങന്നെഴും ശിഷ്യപരമ്പരയ്ക്കു
സമാനമീനില്ലൊരു കേരവൃന്ദം
സമീരണൻ തന്നൊടുകൂടിയാടി-
പ്പാടുന്നു ഹാ! മോഹനകൎണ്ണപത്ഥ്യം.

9

ഉഷസ്സുതോറും മധുപങ്ങളെല്ലാം-
മുണൎന്നു ഭക്ത്യുൽഗമസംഭ്രമത്താൽ
"ഓങ്കാരമാകും പൊരുളാൎന്നനാമ-
സങ്കീൎത്തനം" പാടിയണഞ്ഞിടുമ്പോൾ.

10

ആമോദപൂൎണ്ണം നയനം തുറന്നു
സുമങ്ങളിലാറാടി വിശുദ്ധിയോടെ
വെലിയ്ക്കലിങ്ങുള്ളൊരു പൊന്നപോലും
ചൊരിഞ്ഞിടുന്നൂ മകരന്ദബാഷ്പം. (യുഗ്മകം)

11

വിൺവിട്ടിറങ്ങി സ്ഥിതിചെയ്യുമേതോ
ഗന്ധൎവ്വരെപ്പോലിഹ കോകിലങ്ങൾ

നിരന്തരം "കാകളി"യാലപിച്ചു
നരക്കു കാതിന്നമൃതം തളിപ്പൂ.

12

വള്ളിപ്പടർപ്പാൽജ്ജട കെട്ടിയിട്ടും
വട്ടക്കിണക്കിണ്ടിയടുത്തുവെച്ചും
വയോധികൻ കാഞ്ഞിരമൊന്നിതാ സം-
യമിക്കുതുല്യം നില കൊണ്ടിടുന്നു.

13

പ്രണാമമർപ്പിക്കുക നമ്മളേററം
വണക്കമോടിക്കിഴവന്റെ മുമ്പിൽ
ശതാഭിഷേകം പലതും കഴിഞ്ഞു-
ള്ളിതാ മഹാൻതൻ സവയസ്യനല്ലോ!

14

ദിവ്യത്വമുള്ളാഗ്ഗുരുവിന്റെ സൂക്തി-
പീയൂഷസംസേചനമേൽക്കകൊണ്ടാം
സ്വതേപരം കയ്പു കലർന്നിടേണ്ടു-
മിതിന്റെ പത്രം മധുരിച്ചതത്രെ.

15

ആസ്തിക്യബോധത്തിലുറച്ചു കാലം
കഴിക്കുമീ വൃദ്ധമഹീരുഹത്തിൽ
സദാപി സാരസ്യമെഴും "കിളിപ്പാ"-
ട്ടയന്നുകേൾക്കാം പലരീതിയോടെ.

16

വർത്തിക്ക വർത്തിക്ക യുഗാന്തകാല-
പര്യന്തമിങ്ങാര്യവനസ്പതേ, നീ
അഭൌമനാമഗ്ഗുരുസത്തമന്നു-
ള്ളൂഭം ഗുരുസ്മാരകമായിടട്ടെ.

17

രോമാഞ്ചമാർന്നിടുകയാണഹോ! ഞാ-
നീമണ്ണുതൻ സ്പർശനമേററിടുമ്പോൾ
നാരായമൊന്നത്ര പുരാണകല്പ-
ദ്രുമങ്ങളമ്പോടിഹ നട്ടതില്ല.

# ഭക്തിയോഗം

കെ. രാഘവൻ തിരുമുല്ലാട്ടു്, ചാലക്കുടി.

ഹിന്ദുമതത്തിൻെറ ഭാവവും രൂപവും എന്താണെന്നുള്ളതിന്നു് പാഠപുസ്തകങ്ങളായി പ്രയോജനപ്പെടുന്നവയാണു് വിവേകാനന്ദ കൃതങ്ങളായ ഭക്തിയോഗം, രാജയോഗം, ജ്ഞാനയോഗം, കർമ്മയോഗം എന്നീ ഗ്രന്ഥങ്ങൾ എന്നു് സാമാന്യമായി പറയാം. ലക്ഷ്യപ്രാപ്തിക്കുള്ള ഉപായം എന്നും സാധനയെന്നും യോഗശബ്ദത്തിന്നു് അർത്ഥം പറയാം. അഭിരുചിയും ശേമുഷിയും കൊണ്ടു് പ്രത്യേകമായി ഏതെങ്കിലും ഒരു യോഗത്തിൽ ആർക്കെങ്കിലും അധികമായി അധികാരമുണ്ടാവാമെങ്കിലും ഈ നാലു് യോഗങ്ങളും പരസ്പര നിരപേക്ഷങ്ങളാണെന്നു്, പരിപൂർണ്ണമായി സ്വതന്ത്രങ്ങളാണെന്നു്, കരുതിക്കൂട. ആർഷസിദ്ധാന്തത്തിൻെറ സമഗ്രത വ്യക്തമാവണമെങ്കിവും ഈ നാലു് യോഗങ്ങളെക്കുറിച്ചും മനസ്സിലാക്കിയിരിക്കണം. വിവേകാനന്ദസ്വാമികൾ ശാസ്ത്രങ്ങളേയും പൂർവ്വാചാര്യന്മാരേയും പൂർണ്ണമായനുസരിക്കുന്നുണ്ടു്. എന്നാൽ അദ്ദേഹത്തിൻെറ ശൈലി ആധുനിക ലോകത്തിൻെറ തർക്കബുദ്ധിയേയും തത്വജിജ്ഞാസയേയും പൂർണ്ണമായി തൃപ്തിപ്പെടുത്തുവാൻ മതിയായതുമാകുന്നു. സ്വാനുഭവത്തിൻെറ പ്രകാശത്തിൽ സ്വാമികളുടെ സൂ

---

18

നാലഞ്ചു നൂററാണ്ടുകളോളമായെ-
ന്നാലും യഥാതൃപ്തി രസാനുകൂലം
നാമാസ്വദിച്ചീടുവതിന്നുമോർത്താ-
ലവെല്ലൂഴും പക്വഫലങ്ങളല്ലോ!

19

കണ്ണു, തെളിഞ്ഞീടുക ചിത്തമേ, നീ
കുളിക്ക് നാമിന്നതിധന്യരായി;
സാഫല്യമിക്കേരള സാഹിതിയ്ക്കു
സിദ്ധിച്ച പുണ്യസ്ഥലമിങ്ങുതന്നെ.

20

തുഞ്ചൻപറമ്പേ, മലയാളഭാഷാ-
സാഹിത്യചിന്താമണി ജന്മഭൂവേ,
ആരാദ്ധ്യസാംസ്കാരിക കേന്ദ്രമായി
വെട്ടം പരത്തീടുകമേൽക്കുമേൽ നീ.

— * —

കതങ്ങളും സ്ഫുടികസ്ഫുടങ്ങളായിത്തീൎന്നിരിക്കുന്നു ഈ ലേഖനത്തിൽ "ഭക്തിയോഗ"ത്തെ സംഗ്രഹിക്കുവാനാണു് ശ്രമിക്കുന്നതു്.

ഈശ്വരനെ പ്രാപിക്കുന്നതിനുവേണ്ടി നിശ്ചയദാർഢ്യത്തോടുകൂടി മറെറാന്നിലും ശ്രദ്ധിക്കാതെ ചെയ്യുന്ന പരിശ്രമം അഥവാ സാധനയാണു് ഭക്തിയോഗം. ഭക്തിയുടെ ആരംഭവും വികാസവും പരിണാമവും പ്രേമമയമാകുന്നു. ഭക്തിയുടെ രൂപം ഈശ്വരനിലുള്ള പരമപ്രേമമാണെന്നും, പ്രേമസ്വരൂപം അനിർവ്വചനീയമാകകൊണ്ടു് അതു് അനുഭവൈകവേദ്യമാണെന്നും സിദ്ധാന്തിക്കപ്പെട്ടിരിക്കുന്നു. അതാൎന്ന മനുഷ്യൻ എല്ലാത്തിനേയും സ്നേഹിക്കും, ഒന്നിനേയും വെറുക്കുകയില്ല, സദാ സംതൃപ്തനായിരിക്കുകയും ചെയ്യും. ലൌകികങ്ങളായ സുഖാനുഭവങ്ങളെ അതിനോടു് താരതമ്യപ്പെടുത്തിക്കൂടാ; യഥാൎത്ഥത്തിൽ അതു് ലൌകികസുഖാഭിലാഷങ്ങളെ അവഗണിക്കുന്നതനുസരിച്ചേ വികസിക്കുകയുള്ളു. ഇതരയോഗങ്ങളെ അപേക്ഷിച്ചു് അതിന്റെ ശ്രേഷ്ഠത, അതു് പ്രേമാത്മകമായാൽ ആപാതമധുരമാണെന്നതാകുന്നു. പ്രേമസ്വരൂപനായ ഈശ്വരനെ പ്രേമാത്മകമായ ഉപായത്തിൽക്കൂടി സാക്ഷാൽക്കരിക്കുക എന്നുള്ളതാണതു് എന്നതുകൊണ്ടു്, സാധനവും സാദ്ധ്യവും ഒന്നെന്നുള്ള ഉൽക്കർഷവും ഭക്തിക്കുണ്ടു്. അങ്ങനെ അതു് ലക്ഷ്യപ്രാപ്തിക്കു് ഏററവും നിരായാസവും സ്വാഭാവികവുമായ മാർഗ്ഗമായിത്തീൎന്നിരിക്കുന്നു.

എന്നാൽ അതിന്നു് വലിയൊരു തരക്കേടും ഉണ്ടു്. താണപടികളിൽ അതു് ദുഷിച്ചു് ഏററവും നികൃഷ്ടമായ മതഭ്രാന്തായിത്തീൎന്നേക്കാം. സ്വന്തം ഇഷ്ടദേവതയിൽ നിഷ്ഠ നിശ്ചയമായും ഉണ്ടാവണം, അതില്ലാതെ യഥാൎത്ഥ ഭക്തി വദ്ധിക്കുകയില്ല. എന്നാൽ ആ നിഷ്ഠ മററു ദേവതകളേയും മററു മാൎഗ്ഗങ്ങളേയും നിന്ദിക്കുവാനോ നിഷേധിക്കുവാനോ കാരണമായിത്തീരരുതു്. ആ തെററുനിമിത്തം വിവേകം നഷ്ടമാകുന്നു. അതുകൊണ്ടു് ഈശ്വരൻതന്നെ വേറൊരു രൂപത്തിൽ തിരിച്ചറിയുവാനാകുകയില്ല. സ്വമതസ്ഥരെ സംബന്ധിച്ചു് സ്നേഹവും സാഹോദൎയ്യവും പുലൎത്തുമെങ്കിലും ആ അതിൎത്തിക്കപ്പുറത്തു് നില്ക്കുന്നവരെന്നു് താൻ കരുതുന്നവരോടു് ഏററവും നീചമായിപ്പെരുമാറുന്നതിന്നു് ഈ തെററു് പ്രേരിപ്പിക്കുന്നു. പക്ഷെ, ഈ തരക്കേടു് ഭക്തിയുടെ ഗൌണി എന്ന പ്രാരംഭാവസ്ഥയിൽ മാത്രമേ കാണപ്പെടുകയുള്ളു. ഭക്തി പരിപാകമായി പര എന്ന അത്യുച്ചഭാവത്തിൽ എത്തിയാൽപ്പിന്നെ ജീവൻ വിദ്വേഷത്തിന്നുപാധിയായിത്തീരുവാൻ ഒരു വിധത്തിലും കഴിയാത്തവിധം ഭഗവാന്റെ പ്രേമവലയത്തിൽപ്പെട്ടു് പ്രേമമയനായിത്തീൎന്നുപോകുന്നു. പരയായ ഭക്തിയും പരമായ ജ്ഞാനവും തമ്മിൽ വൈരുദ്ധ്യമില്ലെന്നുതന്നെയല്ല, അഭേദം തന്നെയുണ്ടു്. യഥാൎത്ഥ ജ്ഞാനത്തിൽനിന്നു് ശരിയായ ഭക്തിയെ വേർപ്പെടുത്താവുന്നതല്ല. പ്രേമം പരിപൂൎണ്ണമാവുമ്പോൾ യഥാൎത്ഥ ജ്ഞാനം വന്നുചേരുകയും ചെയ്യും. അതുകൊണ്ടു് സാവധാനത്തിൽത്തന്നെ ജ്ഞാനത്തേയും ഭക്തിയോടു് യോജിപ്പിക്കുന്നതുനന്നു്. ഒപ്പം

സമത്വരൂപമായ യോഗവും (കർമ്മയോഗവും) കൂടി ഉണ്ടെങ്കിൽ സാധന പൂർണ്ണമാകും. പക്ഷിക്കു് രണ്ടു ചിറകുകളും വാലും പോലെയാണു് സാധകന്നു് ജ്ഞാനവും ഭക്തിയും യോഗവും. കേവലമായ ഭക്തിയിൽ അത്യധികമായ അഭിനിവേശമുള്ളവർ, ആരാധനാസമ്പ്രദായങ്ങൾക്കു് ഈശ്വരനോടടുപ്പിക്കുവാൻ സഹായിക്കുക എന്നതിൽ കവിഞ്ഞു് കൂടുതൽ പ്രാധാന്യമില്ലെന്നു മനസ്സിലാക്കേണ്ടതുണ്ടു്. ആത്മീയമായ സംസ്കാരവും സമീപനവുമാണു് ഭക്തി എന്നു് മറന്നുകൂട. ഈശ്വരനെക്കുറിച്ചു് നിരന്തരമായ സ്മരണമാകുന്നു ഉപാസന. ആരാധനാദികൾ അതിനെ പുഷ്ടിപ്പെടുത്തുന്നു. ഈശ്വരസാക്ഷാൽക്കാരത്തിന്നുവേണ്ടി മനസ്സുകൊണ്ടു് തുടരെത്തുടരെ ചെയ്യപ്പെടുന്ന യത്നമാണു് ഭക്തിയെന്നും അതു് പൂജാദികളിൽ ആരംഭിച്ചു് പരമേശ്വരനിൽ അത്യന്തം തീവ്രനിഷ്ഠമായ പ്രേമത്തിൽ പര്യവസാനിക്കുന്നുവെന്നും വ്യക്തമാണു്.

ഈശ്വരൻ എന്നാൽ ആര് ? ഈ ജഗത്തിന്റെ ജന്മസ്ഥിതിലയങ്ങൾ ആരിൽനിന്നോ ആ ആൾതന്നെ ഈശ്വരൻ. അനിർവ്വചനീയമായ പ്രേമമാണു് ഈശ്വരന്റെ സ്വരൂപം. ഭക്തൻ ഉപാസിക്കുന്ന ഈശ്വരൻടെ ജ്ഞാനിയുസാധ്യമായ ബ്രഹ്മത്തിൽനിന്നു് വ്യത്യാസപ്പെട്ടോ വേറിട്ടോ ഇരിക്കുന്നില്ല. നിർഗ്ഗുണമായ ബ്രഹ്മം നമ്മുടെ പ്രേമത്തിനോ ആരാധനയ്ക്കോ വിഷയമാകാൻ നിവൃത്തിയില്ലാത്തവിധം അത്ര സൂക്ഷ്മമായ തത്വമാകകൊണ്ടു് ഭക്തൻ അതിന്നു് സഗുണത്വം സങ്കല്പിച്ചു് പരമേശ്വരനായി ഉപാസിക്കുന്നു. അഖണ്ഡസദ്വസ്തുവായ ബ്രഹ്മത്തിന്റെ അത്യുൽകൃഷ്ട പ്രകാശനമാകുന്നു ഈശ്വരൻ. നാമരൂപാദിവിശേഷണങ്ങൾ ഇല്ലാതെ അഖണ്ഡമായ സച്ചിദാനന്ദമയമായ ബ്രഹ്മത്തെ സംബന്ധിച്ചു് മനുഷ്യന്റെ മനസ്സിലുണ്ടാകാവുന്ന സർവ്വോത്തമമായ സങ്കല്പമാകുന്നു ഈശ്വരന്റെ തത്വം. മനുഷ്യത്വത്തിന്റെ കലർപ്പുകൂടാതെ നമുക്കു് ഒരു വസ്തുവിനേക്കുറിച്ചോ അറിയുക സാധ്യമല്ല. ഇന്ദ്രിയങ്ങൾ വഴിയായോ മനസ്സുവഴിയായോ നമുക്കറിയാവുന്ന ഏതൊരു വസ്തുവിന്റെയും സ്വരൂപഘടനയിൽ മാനുഷികമായ ബോധം എന്നൊരു മൂലവസ്തുകൂടി കലന്നിരിക്കും. അങ്ങനെ മാനുഷികമായ ഒരു ബോധം മാത്രമേ ബ്രഹ്മത്തെക്കുറിച്ചുപോലും നമുക്കുണ്ടാവുന്നുള്ളു. അതുകൊണ്ടു് ഈശ്വരൻ എന്ന ഭാവനയിലും മനുഷ്യത്വത്തിന്റെ അംശം കലന്നിരിക്കുകതന്നെ ചെയ്യുന്നു. അതു് നമ്മുടെ പരിമിതിയാണു്, ഈശ്വരന്റെ പരിമിതിയല്ല വാസ്തവത്തിൽ സത്യമെന്ന വാക്കുകൊണ്ടു് എന്തു് നിർദ്ദേശിക്കപ്പെടുന്നുവോ, അതിന്നു് എന്തർത്ഥമാകുന്നുവോ, അതെല്ലാം ഈശ്വരൻ എന്ന ഭാവനയിൽ ഒതുങ്ങിയും അതിനാൽ വ്യാപിക്കപ്പെട്ടും ഇരിക്കുന്നു. ലോകത്തിൽ ഏതുപദാർത്ഥത്തിന്നും ഉള്ള സത്യത്വം ഈശ്വരന്നും ഉണ്ടു്. സത്യമെന്ന പദത്തിന്നു് അതിൽ അധികമായ ഒരർത്ഥവുമില്ല എന്നാൽ ഭക്തനെ സംബന്ധിച്ചേടത്തോളം യുക്തിവാദത്തിന്നും സംശയത്തിന്നും സ്ഥാനമില്ല. ഭക്തൻ യുക്തികൊണ്ടു് വിശ്വസിക്കുകയോ സമർത്ഥിക്കുകയോ ചെയ്യുന്നില്ല, മിക്കവാറും പ്രത്യക്ഷമെന്നപോലെ അനുഭവിക്കുകയാണു് ചെയ്യുന്നതു്. ലൗകികസു

ഖഭോഗങ്ങളിൽനിന്നു് ലഭിക്കുന്ന ഇന്ദ്രിയസംതൃപ്തി മാത്രമാണു് ജന്മപ്രയോജനം എന്നു് കരുതാതെ, അതിൽനിന്നു് അതീതമായ ഈശ്വരകാര്യത്തെ പരമശ്രേഷ്ഠമായിക്കരുതി, ഇന്ദ്രിയലാളന ആലോചനയില്ലാത്ത ബാലക്രീഡപോലെയാണെന്നുകണ്ടു് ഈശ്വരസാക്ഷാൽക്കാരമായ പ്രേമസായൂജ്യത്തെ പരമപുരുഷാൎത്ഥമായിക്കരുതുന്നവരാണു് ഭക്തന്മാർ.

നാം ഇപ്പോൾ ഏതുനിലയിലിരിക്കുന്നുവോ അതു് നമ്മുടെ പൂർവ്വകർമ്മങ്ങളുടേയും പൂർവ്വവിചാരങ്ങളുടേയും ഫലമാകുന്നു. മേൽ ഏതുനിലയാകും എന്നുള്ളതു് നമ്മുടെ ഇപ്പോഴത്തെ കർമ്മങ്ങളുടേയും ഫലമായിരിക്കും. എന്നാൽ ഇങ്ങനെ നമ്മുടെ നില നാംതന്നെയാണു് രൂപപ്പെടുത്തുന്നതു് എന്നതുകൊണ്ടു് പുറമേനിന്നു് സഹായം സ്വീകരിക്കുന്നതു് അനാവശ്യമല്ല എന്നല്ല പലപ്പോഴും അത്യാവശ്യംകൂടിയാകുന്നു. ഗ്രന്ഥങ്ങളിൽനിന്നു് ലഭ്യമല്ല ആ സഹായം ഒരു ജീവനു് മറെറാരു ജീവനിൽ നിന്നല്ലാതെ ആ മാതൃകാമയമായ പ്രേരണയും പ്രതിപത്തിയും ലഭിക്കുന്നതല്ല വളരെ ഗ്രന്ഥങ്ങൾ പഠിച്ചാലും കിട്ടാത്ത ബോധം യോഗ്യനായ ഒരു വ്യക്തിയുടെ ദൎശനത്തിൽ നിന്നും സാമീപ്യത്തിൽ നിന്നും അനുഭവപ്പെടുന്നു. അത്തരം പ്രേരണക്കു് വിധാതാവാകുന്ന ആളാണു് ഗുരു; വിധേയനാകുന്ന ആൾ ശിഷ്യനും. ശിഷ്യനു് യോഗ്യത പാകമാകുമ്പോൾ ഉചിതനായ ഗുരുവിൻെറ സാന്നിദ്ധ്യം ഉണ്ടാവുന്നു. ആദ്ധ്യാത്മികമായ ആകർഷണം നിമിത്തം ഗുരുശിഷ്യന്മാർ പരസ്പരം കണ്ടെത്തുന്നു എന്നതു് പ്രകൃതി നിയമംപോലെയാകുന്നു ആദ്ധ്യാത്മികമായ ആത്മപരിശോധന കൊണ്ടു് യോഗ്യതയെ വർദ്ധിപ്പിക്കേണ്ടതു ശിഷ്യൻെറ കത്തവ്യമാകുന്നു. അതുപോലെതന്നെ താൻ സൎവ്വജ്ഞനാണെന്നു കരുതി മററുള്ളവരെ മോചിപ്പിക്കുന്നതിന്നു കച്ചകെട്ടിയിറങ്ങി നടക്കുന്നവർ ഗുരുത്വത്തിന്നും അർഹരല്ല. ത്രിവിധകരണങ്ങളിലും പരിശുദ്ധി സത്യജിജ്ഞാസ, സ്ഥിരമായ പരിശ്രമം ഇവ ശിഷ്യനു് ഒഴിച്ചുകൂടാത്തതാണു്. പരിശുദ്ധമായമാർഗ്ഗത്തിൽ സ്ഥിരമായി ക്ഷമയോടെ പരിശ്രമിക്കുന്ന ആൾക്കു ജിജ്ഞാസിതമായ സത്യം എന്നെങ്കിലും പ്രകാശത്തെ പ്രാപിക്കാതിരിക്കയില്ല. എന്നെങ്കിലും എന്നതിന്നു് യോഗ്യത സിദ്ധിക്കുമ്പോൾ എന്നൎത്ഥമാകുന്നു. ഈ വിധത്തിൽ പരിശ്രമിച്ചു് സിദ്ധനായിത്തീൎന്നിട്ടുള്ളവൻ തന്നെയാണു് ഗുരുവും. സാധകൻെറ കണ്ണു് തുറപ്പിച്ചുകൊടുക്കുന്നവനാകുന്നു ഗുരു. ജാത്യന്ധനു് ചികിത്സകൊണ്ടു് പ്രയോജനമില്ലാത്തതുപോലെ ധർമ്മബീജത്തിൻെറ വളർച്ചക്കു് ഹാനികരമായ സാഹചര്യത്തിലുള്ള ഊഷരഭൂമിയാണു് ഒരാളെങ്കിൽ ഗുരുവിന്നും വലിയ സഹായം ചെയ്യുക സാദ്ധ്യമല്ല. ഭൂമിക്കു് കൃഷിക്കു് തക്കവണ്ണം യോഗ്യത വരുത്തേണ്ടതുപോലെ, തനിക്കു് ശിഷ്യത്വത്തിന്നു് തക്കവണ്ണം യോഗ്യതയുണ്ടാകുന്നതിന്നും പ്രയത്നം ആവശ്യമാകുന്നു. യോഗ്യനായാൽ യോഗ്യനായ ഗുരുവന്നെത്തുകതന്നെ ചെയ്യും.

സാധാരണ ഗുരുക്കന്മാരേക്കാൾ അധികം ഉയൎന്നവരും ഉൽകൃഷ്ടരുമായ "ആചാര്യ"ന്മാരാണു് ഈശ്വരാവതാരങ്ങൾ ഇവരിൽക്കൂടെയല്ലാതെ ഈശ്വ

രദർശനം സാദ്ധ്യമല്ല. മറെറാരു വിധത്തിൽ ശ്രദ്ധിച്ചാൽ നമ്മുടെ സങ്കല്പത്തിൽപ്പെട്ട വികൃതങ്ങളായ എന്തെങ്കിലും രൂപങ്ങളായിരിക്കും സിദ്ധിക്കുക അതു് സാധനക്കു് പുഷ്ടിനല്കാതെ ഹാനിചേർത്തേക്കും. ഈശ്വരനെ കേവല പരിപൂർണ്ണാവസ്ഥയിൽ ചിന്തിക്കുവാൻ ശ്രമിക്കുന്നതു് പരാജയത്തിൽ കലാശിക്കും. നമുക്കു് മനുഷ്യത്വത്തിന്റെ പരിധിയിൽക്കവിഞ്ഞ നിലയിൽ ഭാവനചെയ്യുക സാദ്ധ്യമല്ല. ഉപാധി പരിമിതി ഉള്ളേടത്തോളം കാലം ഈശ്വരനെ മനുഷ്യത്വത്തിന്റെ ബന്ധത്തിൽ നിന്നു് മുക്തിലഭിക്കുന്നതുവരെ ഈശ്വരനെ മനുഷ്യനിൽക്കൂടെയും മനുഷ്യരൂപത്തിലും ആരാധിക്കേണ്ടിയിരിക്കുന്നു. ഒരു പോത്തു് ഈശ്വരനെക്കുറിച്ചു് സങ്കല്പിക്കുകയാണെങ്കിൽ വലിയൊരു പോത്തെന്നായിരിക്കും ധ്യാനിക്കുക. മനുഷ്യപ്രതീതിയ്ക്കതീതന്മാരായ പരമഹംസന്മാർക്ക് ഈശ്വരനെ യഥാവത്തായി ആരാധിക്കുവാൻ കഴിയുകയുള്ളു. പക്ഷെ, അവർക്കും വിശദീകരിക്കണമെങ്കിൽ ശ്രോതാക്കളുടെ നിലപാടിൽനിന്നുവേണമല്ലോ സമീപിക്കുവാൻ.

ഉപാസനയിൽ മന്ത്രത്തിനു് പ്രാധാന്യമുണ്ടു്. നാമരൂപങ്ങൾക്കു് അധീനമല്ലാതെ മനുഷ്യക്കു് ഒരു ചിത്തവൃത്തിപോലും ജനിക്കുന്നില്ല നാമം ആശയമാകുന്നു. ഓരോ മനുഷ്യന്റെയും ചിത്തത്തിൽ പൊന്തുന്ന ആശയങ്ങൾ ആദ്യം വാക്കുകളായും പിന്നീടു് അവയ്ക്കനുസരിച്ച രൂപങ്ങളായും വ്യക്തമാകുന്നു. ഇന്ദ്രിയഗ്രാഹ്യമായ ജഗത്തു് രൂപമാകുന്നു. അതിനെ പ്രകാശിപ്പിക്കുന്ന ശബ്ദശക്തിക്കു് സ്ഫോടം എന്നു് പേർ. എല്ലാം ആശയങ്ങളുടെയും സാരഭൂതമായ ഉപാദാനമായി സ്ഥിതിചെയ്യുന്നതു് സ്ഫോടമാകുന്നു സ്ഫോടത്തിനു് സംജ്ഞയായിപ്പറയാവുന്ന വാക്കു്, പ്രണവം (ഓം എന്നതു്) ആണു്. വാക്കിനെയും അർത്ഥത്തെയും വേർതിരിക്ക സാദ്ധ്യമല്ലാത്തതുകൊണ്ടു് ഓങ്കാരവും സ്ഫോടവും ഒന്നുതന്നെയാണെന്നു് പറയുന്നു. ഈശ്വരൻ സ്ഫോടമായി പരിച്ഛിന്നനായി ജഗത്തായി പരിണമിയ്ക്കുകയും ചെയ്തു എന്നു് സിദ്ധാന്തം. അതുകൊണ്ടാണു് ജഗത്തിനെ മുഴുവൻ ഒതുക്കിക്കാണിയ്ക്കുന്നതിനു് ഓങ്കാരത്തിനേ ശക്തിയുള്ള എന്നു് പറയുന്നതു്. സ്ഫോടം സർവ്വ വാക്കുകളുടേയും ഉപാദാനമാണെങ്കിലും, അതു് ഏതെങ്കിലും പ്രത്യേക പദമല്ല. ഒരു പദത്തെ വേറൊരു പദത്തിൽനിന്നു് വ്യത്യാസപ്പെടുത്തുന്ന സർവ്വ സവിശേഷതകളേയും നീക്കിക്കളഞ്ഞാൽ എന്തു് അവശേഷിക്കുമോ അതാണു് സ്ഫോടം. ഓം എന്നതിലെ ഘടകാക്ഷരങ്ങളായ അ, ഉ, മ് എന്നവ നമുക്കുച്ചരിയ്ക്കുവാൻ കഴിയുന്ന സർവ്വശബ്ദങ്ങളേയും കുറിക്കുന്നവയാകുന്നു. ഉച്ചാരണത്തിലെ ആദിമദ്ധ്യാന്തസ്ഥാനങ്ങളിൽനിന്നാണവ ഉൽപ്പന്നങ്ങളാകുന്നതു്. അതുകൊണ്ടു് ഓംകാരമാകുന്ന സ്ഫോടനത്തിനു് ഏററവും യോജിച്ച സംജ്ഞ അങ്ങനെ അതു് ഈശ്വരന്റെ ശരിയായ സംജ്ഞയുമാകുന്നു. ഉപാസകന്റെ മനോഗതി സ്വന്തം സംസ്കാരത്തെ അനുസരിച്ചിരിക്കും. അതുകൊണ്ടാണു് ഒരേ ഈശ്വരൻ വിവിധ ഭാവങ്ങളിൽ വിവിധ മുഖ്യഗുണങ്ങളോടുകൂടി ദർശിയ്ക്കപ്പെടുന്നതു്. ഓരോ ഭാവനയ്ക്കും ഓരോ പ്രത്യേക ശബ്ദചിഹ്നവും ഉണ്ടാകുന്നു. അങ്ങനെയുള്ള ശബ്ദചിഹ്നങ്ങൾ മഹർഷിമാർ അ

വരുടെ ഗാഢസമാധിയിൽ ദർശിച്ചിട്ടുള്ളവയും ഈശ്വരനേയും ജഗത്തിനേയും പററിയ വിവിധ ഭാവനകളെ പ്രതിനിധീകരിച്ചു് കഴിവുള്ളത്ര അർത്ഥബോധം ജനിപ്പിയ്ക്കുന്നവയുമാകുന്നു. ഓങ്കാരം ബ്രഹ്മത്തെ നിർദ്ദേശിക്കുന്നതുപോലെ മററുള്ള മന്ത്രങ്ങൾ ഒരേ ഈശ്വരനെ വിവിധഭാവങ്ങളിൽ നിർദ്ദേശിക്കുന്നു. അവയെല്ലാം ഈശ്വരധ്യാനത്തിന്നും തത്വജ്ഞാനത്തിന്നും സഹായകങ്ങളുമാകുന്നു.

പ്രാരംഭാവസ്ഥയിൽനിന്നു് മേല്പോട്ടുപോയിട്ടില്ലാത്ത സകലക്കും ഈശ്വരനെ പ്രതീകങ്ങളിൽക്കൂടെ ഉപാസിക്കുക എന്നതു് അത്യാവശ്യമാകുന്നു. പ്രതീകം എന്നതിന്നു് അഭിമുഖമായിപ്പോകുന്നതു് എന്നർത്ഥമാകുന്നു. എന്നാൽ, ഉച്ചതമാദർശമായ പരബ്രഹ്മം തന്നെയാണു് ആ പ്രതീകം എന്നു ഭാവനചെയ്യുന്നതു് തെററാണു്. ബ്രഹ്മംതന്നെ ഉപാസ്യമായും പ്രതീകം അതിനെ സ്മരിപ്പിയ്ക്കുന്ന ചിഹ്നം മാത്രമായുമാണു് ഭാവിയ്ക്കപ്പെടേണ്ടതു്. ദേവന്മാരേയോ ഇതരന്മാരേയോ ബ്രഹ്മഭാവനയോടുകൂടി ഉപാസിക്കുന്നതിന്നും ഈശ്വരോപാസനാഫലം തന്നെ സിദ്ധിയ്ക്കും. നാമരൂപങ്ങളെ, ഉപാധികളെ, നീക്കിയാൽ എല്ലാതൊന്നും ബ്രഹ്മംതന്നെയാണല്ലോ. എന്നാൽ പ്രതീകമായി കല്പിയ്ക്കപ്പെടുന്നതിന്നും ചിലയോഗ്യതകൾ വേണമെന്നതു് നിസ്തക്കമത്രേ. ഇത്തരം പ്രതീകോപാസനയ്ക്കുള്ളതുതന്നെയാണു് പ്രതിമോപാസനയുടേയും ഫലം. പ്രതിമ ആരെസ്സങ്കല്പിച്ചുള്ളതായാലും സർവ്വേശ്വരത്വംകൂടി ഭാവിച്ചാലേ ഭക്തിയ്ക്കും മുക്തിയ്ക്കും പ്രയോജനപ്പെടുകയുള്ളു. അപ്പോൾ അതിൽ വിഗ്രഹാരാധനയ്ക്കു് ആരോപിക്കപ്പെടുന്ന ദോഷങ്ങൾ ഇതെല്ലാമാവുന്നു. യഥാർത്ഥത്തിൽ ഈശ്വരനാണെന്നു് സങ്കല്പം കൂടാതെ, "ഖബറ"കളേയോ രൂപങ്ങളേയോ മററോ ഭക്തിപ്രകടനത്തിന്നുപയോഗിക്കുന്നതാകുന്നു വിഗ്രഹാരാധന. അങ്ങിനെ ചെയ്യുന്നതു് പാപമോ ദുഷ്ടമോ അല്ല. അതു് ഒരു ചടങ്ങുമാത്രമാകുന്നു. അതിന്റെ ഫലം ആരാധകന്നു് ലഭിക്കുകയും ചെയ്യും. പക്ഷെ പ്രതിമാച്ചർന എന്നും പ്രതീകോപാസന എന്നും മററും ആചാര്യന്മാർ അനുശംസിച്ചിട്ടുള്ളതിന്നുള്ളത്ര മഹത്വമോ ഉൽക്കർഷമോ അത്തരം ചടങ്ങുകൾക്കില്ല.

മുക്തിക്കു് അനേകം മാർഗ്ഗങ്ങൾ ഉണ്ടു്; അവയിൽ ഒന്നിനേയും നാം വെറുക്കരുതു്, തെററു് പറയരുതു്, അതു് ഭക്തിയോഗത്തിന്റെ കഠിനശാസനയാണു്. ഇളയ പ്രായത്തിലുള്ള ഭക്തിയെ, മുപ്പെത്തുന്നതിന്നു് മുമ്പു്, പലേ ആദർശങ്ങളും ഭാവങ്ങളും ബാധിച്ചുകൊണ്ടിരുന്നാൽ അതു് നശിച്ചുപോകും. കൌതുകപൂർണ്ണമായ ജിജ്ഞാസയായിട്ടല്ല ദൃഢമായ നിഷ്ഠയായിട്ടാണു് ഭക്തിയിൽ പ്രവത്തിക്കേണ്ടതു്. രുചിഭേദംകൊണ്ടു് നിഷ്ഠക്കു് അല്പസ്വല്പം വ്യത്യാസം കണ്ടേക്കാം. നിഷ്ഠാഭേദം ദേവതാഭേദത്തോടും ബന്ധപ്പെട്ടിരിക്കുന്നു. നിഷ്ഠയിൽ പൂത്തി സിദ്ധിക്കുമ്പോൾ, ജീവിതസർവ്വസ്വമായി താൻ ഉപാസിച്ചിരുന്ന ഇഷ്ടദേവതയെത്തന്നെയാണു് മററു് ശാഖക്കാരും മററു് ആദർശത്തിലും മററു് രൂപത്തിലും മററു നാമത്തിലും ഉപാസിക്കുന്നതു് എന്നു് യഥാർത്ഥ ഭക്തന്നു് അനുഭവപ്പെടും.

വിവേകം, സമയം, അഭ്യാസം, യജ്ഞം, വിശുദ്ധി, ബലം, അനുദ്ധർഷം എന്നിവയെ ഭക്തിസാധകങ്ങളായിക്കണക്കാക്കുന്നു. മററു് സംഗതികളുടെ കൂട്ടത്തിൽ ആഹാരത്തിലും വിവേകം വെയ്ക്കേണ്ടതുണ്ടു്. മനസ്സിൻെറ ഘടനയിൽ ആഹാരം ആയി ഉപയോഗിക്കപ്പെടുന്ന വസ്തുക്കളും പ്രേരണ ചെലുത്തുന്നതുകൊണ്ടു് മാത്രമാണു് അതിന്നു് പ്രാധാന്യം. ശാബ്ദമായി ചിന്തിച്ചാൽ പഞ്ചേന്ദ്രിയ വിഷയങ്ങളെല്ലാം ആഹരിക്കപ്പെടുന്നവ തന്നെയാകയാൽ, രാഗദ്വേഷമോഹങ്ങളുടെ കലർപ്പില്ലാതെ ഇന്ദ്രിയസ്പർശജ്ഞാനം സമ്പാദിക്കുന്നതാകുന്നു യഥാർത്ഥമായ ആഹാരവിവേകം. (ജ്ഞാനം) ശുദ്ധമാകുമ്പോൾ അന്തഃകരണവും ശുദ്ധമാകും ശുദ്ധമായ അന്തഃകരണത്തിൽ "ബ്രഹ്മ"ത്തിൻെറ അനുഭവം ഉണ്ടാവുകയും ചെയ്യുന്നു ഇന്ദ്രിയങ്ങളെ നിയന്ത്രിച്ചു് ഇച്ഛാശക്തിക്കു് വിധേയമാക്കേണ്ടതാണു്. അഭ്യാസംകൊണ്ടും വൈരാഗ്യംകൊണ്ടും മനസ്സിനെ നിയന്ത്രിച്ചു് പഞ്ചേന്ദ്രിയങ്ങളെ സ്വാധീനങ്ങളാക്കി വെക്കുക എന്നതാണു് സംയമം. വർണ്ണാശ്രമ ധർമ്മവിധിപ്രകാരം ഋഷ്യാദിയത്നം നിർവ്വഹിക്കണമെന്നാണു് പൂർവ്വാഭിപ്രായം. (യജ്ഞം എന്നതിന്നു് ഇദം ന മമ എന്ന സങ്കല്പത്തോടുകൂടി ചെയ്യപ്പെടുന്ന നിയതങ്ങളായ കർമ്മങ്ങളുടെ അനുഷ്ഠാനം എന്നും അർത്ഥം കല്പിയ്ക്കാമെന്നു് തോന്നുന്നു) സത്യം, ആർജ്ജവം, ദയ, അഹിംസ, അനഭിധ്യ എന്നിവയാണു് പരിശുദ്ധിയുടെ ഉപാധികൾ. (ആർജ്ജവം="നേരെവാ നേരെപോ" എന്ന രീതി, അനഭിധ്യ=പരസ്വത്തിലാശിക്കായ്ക, വൃഥാ ചിന്തിക്കാതിരിയ്ക്ക, അന്യൻ ചെയ്ത ദ്രോഹത്തെക്കുറിച്ചു് വിചാരിക്കപ്പെടാതിരിയ്ക്ക) അഹിംസക്കു് പ്രാധാന്യമുണ്ടു്. അതിൻെറ പരീക്ഷ, അസൂയയുടെ അഭാവമാകുന്നു. "നായമാത്മാ ബലഹീനേന ലഭ്യഃ" ഈ ആത്മാവു് ബലഹീനനാൽ ലഭിക്കപ്പെടുന്നതല്ല. ദേഹത്തിൻെറ ആരോഗ്യദാർഢ്യംതന്നെ പ്രധാനമായി ഇവിടെ ബലമെന്നു് പറയപ്പെട്ടിരിക്കുന്നു. അതുപോലെതന്നെ മനോബലവും ഇച്ഛാബലവും ഉള്ളവൎക്കേ സ്ഥിരമായ പ്രവൃത്തിയിൽ ഏർപ്പെടുവാൻ സാധിക്കുകയുള്ളു. ആലസ്യലേശമില്ലാതെ സദാ പ്രസന്നനായിരിക്കുക ഭക്തന്നു് ഒഴിച്ചുകൂടാത്തതാണു് അദ്ധനർഷം എന്നതിന്നു് അത്യാഹ്ളാദ ഭരിതനാവാതിരിയ്ക്കുക എന്നാണർത്ഥം. വിഷാദം പോലെ ആഹ്ളാദവും ഒരു വികാരമാകുന്നു. വികാരങ്ങൾ മനോബലത്തെയും ഇച്ഛാബലത്തേയും നശിപ്പിക്കുന്നു. അതുകൊണ്ടു് ആഹ്ളാദത്തിൻെറ തളർച്ചക്കു് വിധേയനായിക്കൂടാത്തതാകുന്നു. മനസ്സു് സർവ്വാവസ്ഥകളിലും സാമ്യത്തിൽ സ്ഥിരവും ശാന്തവുമായിരിക്കേണ്ടതു് ആധ്യാത്മികാനുഭവങ്ങൾക്കു് ഒഴിച്ചുകൂടാത്ത സാഹചര്യംസൃഷ്ടിക്കുന്നു വിധികളുടെ ഉദ്ദേശവും താല്പര്യവും മനസ്സിലാക്കി ചടങ്ങുകളിൽ മുറുകെമുഷ്ടി പിടിക്കാതെ സാധനയെത്തുടന്നു് പോകേണ്ടതാണു്.

നാമജപം, അനുഷ്ഠാനം, വിഗ്രഹങ്ങൾ, ചിഹ്നങ്ങൾ എന്നിവയെല്ലാം അന്തഃകരണശുദ്ധിക്കുവേണ്ടി മാത്രമാകുന്നു. എന്നാൽ അത്യന്തമായ ശുദ്ധി ത്യാഗംകൊണ്ടേ ഉണ്ടാവൂ. എങ്കിലേ ഭക്തി പര എന്ന നിലയിലേക്കുയരുകയുള്ളു. പക്ഷെ ഭക്തിയോഗിയുടെ ത്യാഗം ഏററവും സ്വാഭാവികമാണു്

എന്നു് കരുതാം. മനുഷ്യൻ മൃഗസ്വഭാവത്തോടു് അടുത്തിരിക്കുമ്പോൾ ഇന്ദ്രിയസുഖാസക്തനായിരിക്കും. സംസ്കാരം വർദ്ധിക്കുന്നതനുസരിച്ചു് വിദ്യാവിഷയത്തിലും സുകുമാരകലകളിലുമായിരിക്കും സുഖാനുഭവം ക്രമേണ ഉയർന്നു് ആദ്ധ്യാത്മികാനുഭൂതികളുടെ തലത്തിൽ എത്തുമ്പോൾ ഐന്ദ്രിയസുഖവും കലാരസവുമെല്ലാം മിക്കവാറും ശൂന്യങ്ങളെന്നു് തോന്നുന്ന ആനന്ദം അനുഭവപ്പെടും. ചെറിയ പ്രകാശം വലിയ പ്രകാശത്തിൽ മങ്ങുകയും മറയുകയും ചെയ്യുന്നതുപോലെ സ്വാഭാവികമായാണു് പ്രസ്തുത പരിണാമവും വന്നുചേരുന്നതു്. ഈശ്വരപ്രേമം ഉദിച്ചുതുടങ്ങുമ്പോൾ അതുനിമിത്തം ബുദ്ധീന്ദ്രിയസുഖപ്രേമങ്ങൾ മങ്ങിമാഞ്ഞു് പോകുന്നു അപ്പോൾ പരമാനന്ദത്തിൽ ക്ഷുദ്രാനന്ദങ്ങൾ അപ്രസക്തങ്ങളായിത്തീരുന്ന എന്ന സ്വാഭാവിക പരിണാമം സംഭവിക്കുന്നു. ഭക്തി വളർന്നു പരയെന്ന അവസ്ഥയിലെത്തുമ്പോൾ ക്ഷുദ്രങ്ങളായ ബന്ധങ്ങളും ഉപാധികളും താനേ ഊർന്നും തകർന്നും പോകുന്നു. ഈ വിധത്തിൽ ഭക്തിക്കു് സാധകമായ ത്യാഗത്തിന്റെ കാര്യത്തിൽ കർക്കശത്വമില്ല നീരസത്വമില്ല, ഞെരുക്കമില്ല, നിഗ്രഹമില്ല, നിരോധവുമില്ല. ഭക്തനു് സഹജങ്ങളായ മനോവികാരങ്ങളെ അമർത്തുവെക്കേണ്ടതില്ല. സ്വാഭാവികങ്ങളായ പ്രവണതകളെ ഈശ്വരാഭിമുഖമായി തിരിച്ചുവിടുകയും പിന്നത്തെററിത്തിരിഞ്ഞുപോകാതെ ശ്രദ്ധിക്കുകയും ചെയ്യുന്നതിന്നു് യത്നിക്കുകയേ ഭക്തൻ വേണ്ടു.

പ്രേമം ആകൃതിയിൽ എവിടെയും കാണാവുന്നതാണു. ഉൽകൃഷ്ടം ആദരണീയവുമായി കാണപ്പെടുന്നതുപോലെ പ്രേമത്തിന്റെ വിലാസം തന്നെയാണു് നിചവും നികൃഷ്ടവുമായി കാണപ്പെടുന്നതും. വെളിച്ചം കാണിക്കുന്ന തീതന്നെ പൊള്ളിക്കുകയും ചെയ്യുന്നുണ്ടല്ലോ. പക്ഷെ അതു് തീയിന്റെ കുററമല്ല. ഈ വിധമാകുന്നു പ്രേമവും. ഐകൃത്തിന്നുള്ള ഉൽക്കടമായ . വാഞ്ഛയായ പ്രേമവും, ഉത്തമമോ നിചമോ ആയ ഭാവങ്ങളിൽക്കൂടി പ്രകടമായേക്കാവുന്നതാണു്. ഉൽക്കർഷത്തിലേക്കുനയിക്കുന്ന, ഉൽകൃഷ്ടമായ, പ്രേമത്തിന്റെ ശാസ്ത്രമാകുന്നു ഭക്തിയോഗം. പ്രേമത്തെ ഏതുവഴിക്കുതിരിക്കണം, നിയന്ത്രിക്കണം, കൈകാര്യം ചെയ്യണം, പ്രയോഗിക്കണം എന്നും, ആത്മാനന്ദത്തിന്നും പരമശാന്തിക്കും എങ്ങിനെ അതിനെ പ്രയോജനപ്പെടുത്താമെന്നും ആ ശാസ്ത്രം നമുക്കു് അറിവാക്കിത്തരുന്നു. ഒന്നിനേയും കൈവിടുവാൻ ഭക്തിയോഗം നമ്മെ നിർബന്ധിക്കുന്നില്ല. സ്നേഹിക്കുക പരമോൽകൃഷ്ടമായതിനെ സ്നേഹിക്കുക, എന്നേ ആവശ്യപ്പെടുന്നുള്ളു. ഏററവും ആനന്ദത്തെ നല്കുന്നതിനെ സ്നേഹിക്കുവാൻ ലഭിക്കുമ്പോൾ ക്ഷുദ്രങ്ങളായ വിഷയങ്ങളിൽ വിരക്തി വരികയെന്നതു് സ്വാഭാവികമാണല്ലോ. ലോകവ്യവഹാരപ്രവാഹത്തിൽപ്പെട്ടിരിക്കുമ്പോൾ തോന്നുന്ന വൈരുദ്ധ്യങ്ങളെല്ലാം, ഒരു സാക്ഷിയുടേയോ തത്വാന്വേഷകന്റേയോ നിലയിൽനിന്നു് നോക്കുന്നസമയത്തു്, ഈശ്വരൻ തന്നെത്തന്നെ പ്രേമമായി നൂറുനൂറായിരം മാർഗ്ഗങ്ങളിൽക്കൂടെ പ്രകാശിപ്പിക്കുന്നതിന്റെ പ്രകാരഭേദങ്ങളാണെന്നു് കാണുവാൻ കഴിയും. ആനന്ദത്തിലെ ലേശം എന്തെങ്കിലും രൂപത്തിൽ എവിടെയെങ്കിലും ഉണ്ടെ

ങ്കിൽ, അതെല്ലാം പരമാനന്ദത്തിന്റെ സ്ഫുലിംഗമാണ്. അതുതന്നെയാണ് സ്നേഹത്തിന്റേയും സ്ഥിതി. ഏതെങ്കിലും ഒന്നിനെ ആരെങ്കിലും സ്നേഹിക്കുന്നതു്, അന്തര്യാമിയായ ഈശ്വരനെ, പലപ്പോഴും അറിയാതെതന്നെയാണെങ്കിലും, ഉദ്ദേശിച്ചാകുന്നു. ആനന്ദത്തിന്നുവേണ്ടി സ്നേഹിക്കുന്നുവെന്നു് വരുമ്പോൾ, പരമാനന്ദവസ്തുവിന്റെ ആകർഷണത്തിന്നു് നാം, മഹാകാന്തത്തിന്റെ ആകർഷണത്തിന്നു് ഇരുമ്പുകഷണങ്ങൾ എന്നപോലെ സദാ വിധേയരാകുന്നു. അന്ത്യത്തിൽ ആനന്ദമയനായ ഈശ്വരനോടു് ഐക്യം പ്രാപിക്കുക എന്നതാണ് സർവ്വ ജീവികളുടേയും ലക്ഷ്യം. എന്നാൽ ക്ഷുദ്രങ്ങളായ വിഷയങ്ങൾ തങ്ങളിലേക്കാകർഷിച്ചു് തടസ്സം സൃഷ്ടിക്കുകയും വഴിതെററിക്കുകയും ചെയ്യുവാൻ ശ്രമിക്കുന്നു. അഭ്യാസംകൊണ്ടും വൈരാഗ്യംകൊണ്ടും അവയുടെ പിടിയിൽ നിന്നു് മുക്തനായി ഹരിപാദങ്ങളിലേക്കു് ചെല്ലണം. ഇങ്ങനെയാണ് ഭക്തന്റെ ത്യാഗം രൂപമെടുക്കുന്നതു്. ഈശ്വരങ്കലേക്കുള്ള പ്രബലാകർഷണം ഇതരാകർഷണങ്ങളെയെല്ലാം തിരസ്കരിക്കുന്നു. അതിമഹത്തും അളവററതുമായ ഭഗവൽപ്രേമം ഭക്തന്റെ ഹൃദയത്തിൽ നിറഞ്ഞു് അന്യപ്രേമങ്ങൾക്കു് അവിടെ സ്ഥാനമില്ലാതെയാകുന്നു. മറെറാരുവിധത്തിൽപ്പറഞ്ഞാൽ, ഈശ്വരനോടുള്ള അനുരാഗം നിമിത്തം അന്യവിഷയങ്ങളോടുള്ള രാഗമില്ലായ്മ, വൈരാഗ്യം, ഇതാകുന്നു ഭക്തന്റെ ത്യാഗത്തിന്റെ ഭാവം. ഇതാകുന്നു പരമഭക്തിയുടെ പരമസാധനം. ഇങ്ങയെ പരയായ ഭക്തിയുടെ തുംഗഭൂമികളിൽക്കയറി കൃതാർത്ഥനാകാം. അപ്പോൾ വ്യക്തിഭേദമോ ദൃഷ്ടിഭേദമോ ഇല്ലാതായിത്തീരുന്നു. ആരിലും എവിടേയും ആ ഭക്തൻ തന്റെ പ്രേമമൂർത്തിയെ ആയിരിക്കും ദർശിക്കുക. കാമക്രോധങ്ങളൊന്നും അവരെ ബാധിക്കുകയില്ല. ഈ പ്രപഞ്ചത്തിന്നുപിന്നിൽ ആധാരമായിനില്ക്കുന്ന നിത്യ സദ്വസ്തുവിനെ സദാ ദർശിച്ചുകൊണ്ടിരിക്കെ എങ്ങനെ അവരെ കാമക്രോധാദികൾ ബാധിക്കും? സൂക്ഷ്മം ആലോചിച്ചാൽ, അപ്പോഴേ, അവർക്ക്, മനുഷ്യസാഹോദര്യം എന്നും മററും പറഞ്ഞുവരുന്ന പരമപ്രേമാവസ്ഥയിൽ എത്തിയെന്ന നിലവരുകയുള്ളു.

ചുരുക്കത്തിൽ, മനുഷ്യഹൃദയത്തിലുണ്ടാകുന്ന രാഗാദികളായ വിവിധങ്ങളായ വികാരങ്ങളും, ആവേശങ്ങളും ഒന്നും സ്വതവേ നിഷിദ്ധങ്ങളോ ദുഷ്ടങ്ങളോ അല്ല അവയെ അധഃപതിക്കാൻ വിടാതെ, വിവേകപൂർവ്വം നിയന്ത്രിച്ചു്, ഉൽക്കർഷത്തിന്റെ പരമോച്ചപദത്തിലേക്കു് എത്തുന്നതിന്നു് പ്രയോജനപ്പെടുമാറു് സംസ്കരിക്കുകയാണാവശ്യം. ഉൽക്കർഷത്തിന്റെ പരമോച്ചപദം ഈശ്വരൻതന്നെ; മറെറല്ലാം താണവ. നിസ്സാരങ്ങളായ ലൌകികസുഖങ്ങൾക്കുവേണ്ടിയാണ് വേദന അനുഭവിക്കുന്നതെങ്കിൽ, അവയുടെ ലാഭത്തിൽ സന്തുഷ്ടി തോന്നുന്നുണ്ടെങ്കിൽ, സഹജമായ ചൈതന്യം തെററായവഴിക്കാണ് വിനിയോഗിക്കപ്പെട്ടിരിക്കുന്നതെന്നു് നിശ്ചയിക്കാം. ഈശ്വരപ്രാപ്തിയാകുന്ന പരമസുഖത്തിന്നുവേണ്ടി, അതിന്റെ ലാഭത്തിൽമാത്രം തൃപ്തിതോന്നുന്ന വേദനയാകട്ടെ, സഹജമായ ശക്തിയെ ശരിയായ വഴിക്കു്

പ്രയോജനപ്പെടുത്തുവാൻ പ്രേരണ നല്കുന്നു. എല്ലാം ഭാവങ്ങളേയും അങ്ങനെ ലക്ഷ്യത്തിൽ കേന്ദ്രീകരിച്ചുകൊണ്ടു് വിനിയോഗിക്കുകയാകുന്നു ഭക്തിയുടെ സമ്പ്രദായം.

പ്രേമമാകുന്ന ഭക്തി പ്രധാനമായി ബഹുമാനം, പ്രീതി, വിരഹം, തദത്ഥപ്രാണസംസ്ഥാനം എന്നീ രൂപങ്ങളിൽക്കൂടി പ്രകടിതമാകുന്നു. ബഹുമാനം ഉദിക്കുന്നതു് പ്രേമമാകുന്ന മൂലത്തിൽ നിന്നാണു്. സ്നേഹിക്കുന്നവരെ ബഹുമാനിക്കാതിരിക്കുവാൻ നമുക്കു് കഴിയുകയില്ല. അങ്ങനെ ബഹുമാനിക്കുക എന്നതു് മനുഷ്യഹൃദയത്തിന്നു് സ്വഭാവമാകുന്നു. സ്നേഹിക്കുന്നതിനെ സമ്പാദിക്കുവാൻ കാണിക്കുന്ന വെമ്പലാണു് പ്രീതിയുടെ ലക്ഷണം. ഈശ്വരനെ പ്രാപിച്ചില്ലല്ലോ, അറിയേണ്ട വസ്തുവിനെ അറിഞ്ഞില്ലല്ലോ എന്ന പരമസങ്കടം, അതുകൊണ്ടു് സർവ്വത്ര വിരസതയോടുകൂടി മിക്കവാറും ഉന്മാദത്തിന്റെ വക്കത്തെത്തുന്ന അവസ്ഥ, അതാണു് വിരഹം. അപ്പോൾ ഈശ്വരനെ ഒഴിച്ചു് അന്യവിഷയങ്ങളെക്കുറിച്ചു് സംസാരിക്കുന്നതുപോലും അസഹ്യമായിരിക്കും. തദത്ഥപ്രാണസംസ്ഥാനം എന്ന അവസ്ഥയിൽ, ജീവിതസന്ധാരണം പോലും പ്രേമാത്ഥമാകുന്നു. ജീവിതത്തിന്നു് വിലയും യോഗ്യതയും ഉണ്ടെന്നു് തോന്നുന്നതു് പ്രേമം നിമിത്തമാണു്. അതില്ലാതെ ഒരു നിമിഷംപോലും ജീവിച്ചിരിപ്പാൻ സാധ്യമല്ല. പ്രിയധ്യാനം ഒന്നുമാത്രമാകുന്നു ജീവിതത്തെ മധുരമാക്കുന്നതു്. ഇങ്ങനെ ഭക്തിക്കുപരിപാകം വരുമ്പോൾ, തദീയത എന്ന അവസ്ഥ വന്നുചേരുന്നു. തന്നെത്താൻ തീരെ വിസ്മരിച്ചും ഒരു വസ്തുവിനെ സംബന്ധിച്ചും തന്റേതാണെന്നു് തോന്നൽ വരാതെയും ഇരിക്കുന്ന ഭക്തന്നു് തദീയത എന്ന അവസ്ഥ സിദ്ധിച്ചിരിക്കുന്നു. എല്ലാം ഈശ്വരന്റേതാണു്. പ്രേമം ഈശ്വരനോടായിരിക്കുമ്പോൾ, ജഗത്തു് ആസകലം ഭക്തന്നു് പ്രിയപ്പെട്ടതായിത്തോന്നും. എന്തുകൊണ്ടെന്നാൽ അതു് മുഴുവൻ ഈശ്വരന്റേതാണല്ലോ.

ഈ കാണപ്പെടുന്ന പ്രപഞ്ചം ഒരു പ്രത്യേക വ്യഷ്ടിയാകുന്നു ഇങ്ങനെയുള്ള ലക്ഷോപലക്ഷം ചെറിയ വ്യഷ്ടികളെ ഉൾക്കൊള്ളുന്നസർവ്വസമാനമായിരിക്കുന്നതുമായ ഏകം സമഷ്ടിയും അതു് ഈശ്വരനുമാകുന്നു. പ്രപഞ്ചമാകുന്ന വ്യഷ്ടിയെ അടക്കിസ്നേഹിപ്പാനും സേവിപ്പാനും ഒരു വഴിയേ ഉള്ളൂ. അതു് ഈശ്വരനാകുന്ന സമഷ്ടിയെ സേവിക്കുന്നതുതന്നെ ആകത്തുകയായ സമഷ്ടിയെ സ്നേഹിച്ചാൽ അതിലെ അംഗങ്ങളായ വ്യഷ്ടികളെ ഓരോന്നിനേയും സ്നേഹിച്ചതുപോലെയാകും. ലോകത്തെ സ്നേഹിക്കുക, സേവിക്കുക മുതലായതെല്ലാം അപ്പോൾ എളുപ്പമാകും. ഈശ്വരനാണു് സർവ്വഭൂതങ്ങളുടേയും രൂപത്തിലിരിക്കുന്നതു് എന്നറിഞ്ഞു് വിദ്വാന്മാർ സർവ്വഭൂതങ്ങളിലും ഭക്തിയുള്ളവരായിരിക്കും. ഇപ്രകാരം സർവ്വാശ്ലേഷിയായ ഗാഢപ്രേമം ഉണ്ടാകുന്നതുകൊണ്ടു് പരിപൂർണ്ണമായ ആത്മസമർപ്പണഭാവം ഉളവാകും. ഈ അവസ്ഥയിൽ ഭക്തന്നും തന്നെസംബന്ധിച്ചു് വരുന്ന സുഖങ്ങൾക്കും ദുഃഖങ്ങൾക്കും തമ്മിൽ വ്യത്യാസമോ കഷ്ടപ്പാടുകളിൽ ആവലാതിയോ തോന്നുന്നതല്ല പ്രേമസ്വരൂപനായ

ഭഗവാന്റെ ഇച്ഛക്കു് ആവലാതികൂടാതെ തന്നെത്താൻ സമർപ്പിക്കുന്ന നിലപോലെ അഭികാമ്യമായി മറെറാന്നുമില്ലതന്നെ. നശ്വരമായ ഈ ദേഹം കിട്ടുന്ന കുറച്ചുകാലത്തേക്കു്, ഏററവും ഉത്തമമായ രീതിയിൽ ഉപയോഗിക്കപ്പെടേണ്ടതുണ്ടു്. ഉത്തമരീതിയാകട്ടെ സർവ്വഭൂതഹിതാർത്ഥം അർപ്പിക്കുന്നതുതന്നെ; ഇതിൽക്കവിഞ്ഞു് ഭക്തനു് യാതൊരു പരിഗണനയുമില്ല. യാതൊരു ദേവനിൽ സർവ്വഭൂതങ്ങളും ജീവിക്കുകയും ചേഷ്ടിക്കുകയും ചെയ്യുന്നുവോ ആ ദേവനോടുള്ള പ്രേമം, സർവ്വത്തേയും ഗ്രസിച്ചുകളയുന്ന പ്രേമം, നിശ്ശേഷമായും നിശ്ചയമായും ബന്ധങ്ങളെ അറുത്തുകളയുന്നതിന്നുള്ള ഉപായമാകുന്നു. മനസ്സും ഹൃദയവും അവിച്ഛിന്നാനുരാഗമായി സ്വസ്ഥവും സ്ഥിരവുമായി ഈശ്വരങ്കലേക്കു് പ്രവഹിക്കുന്നതു് ഭക്തിയുടെ പരമോച്ചാവസ്ഥയാകുന്നു. രാഗാനുഗ എന്നുകൂടിപ്പറയപ്പെടുന്ന ഈ ഉച്ചാവസ്ഥയിലേക്കുള്ള സാധനകളാകുന്നു ഭക്തിയുടെ മററു നിലകൾ എല്ലാം. ഈശ്വരചിന്തക്കല്ലാതെ അത്തരം അവസ്ഥയിൽ ഇടം ഉണ്ടാവുകയില്ല. പ്രതീകങ്ങളേയും പ്രതിമകളേയും മററും ഉപയോഗിക്കാതെ ഈശ്വരനെ ആരാധിക്കാവുന്ന അവസ്ഥയാണതു്. ആ അവസ്ഥയിൽ ജ്ഞാനവും ഒത്തുപ്രകാശിക്കുമെന്നതുകൊണ്ടു് പരയായ വിദ്യയും പരയായ ഭക്തിയും ഒന്നുതന്നെ എന്നു് അനുഭവപ്പെടും. പ്രതിഫലത്തെ പ്രതീക്ഷിക്കാതെ, ഭയംകൊണ്ടല്ലാതെ, ശ്രദ്ധയെ വിജയിക്കുന്നതിന്നു് പ്രതിദ്വന്ദ്വി ഇല്ലാതെ ഉള്ള ആത്മസമർപ്പണമാണു് പരയായ ഭക്തിയുടെ രൂപം. ഏതൊരാൾക്കും അവനവന്റെ ആദർശത്തെ മാത്രമേ ഗാഢമായിആദരിക്കുവാൻ കഴിയുകയുള്ളു. മനുഷ്യന്റെ പരമോച്ചാദർശമാകുന്നു ഈശ്വരൻ. അതുകൊണ്ടാണു് സംസ്കാരാദിഭേദംകൊണ്ടു് ഈശ്വരനെക്കുറിച്ചുള്ള സങ്കല്പത്തിന്നു് ഭേദം വന്നുചേൎന്നിരിക്കുന്നതു്. അതുകൊണ്ടുതന്നെയാണു് സത്തുക്കൾക്കു് ഈശ്വരനെക്കുറിച്ചുള്ള ആദർശം മററുള്ളവരുടേതിൽനിന്നു് ഭിന്നമായിരിക്കുന്നതും, ക്രൂരന്മാരും രക്തപ്രിയന്മാരും ഈശ്വരനെ രക്തത്തിന്നു് ദാഹിക്കുന്നവനായി വിഭാവനം ചെയ്യുന്നതും ഓരോരുത്തർക്കും അവനവന്റെ ആദർശത്തെമാത്രമേ ആദരിക്കുവാൻ കഴിയുകയുള്ളു. ഇങ്ങനെ സർവ്വത്തെയും ഉൾക്കൊള്ളുന്ന ഒന്നിനെ ആദർശനിലയിൽ ആരാധിക്കുന്നതാകുന്നു പരയായ ഭക്തിയുടെ സ്വഭാവം. മററുള്ള ഭക്തിരൂപങ്ങൾ എല്ലാം പരാഭക്തിയിലേക്കു് ചെന്നെത്തുന്ന മാർഗ്ഗത്തിൽ വിവിധ ഘട്ടങ്ങൾ മാത്രമാകുന്നു. അങ്ങിനെ ബുദ്ധിമാത്രഗ്രാഹ്യമായ പരമോച്ചാദർശത്തെ സാക്ഷാൽക്കരിക്കാനുള്ള ശ്രമം വിജയിക്കുകയും അതിന്റെ ചൈതന്യത്തേയും വാസ്തവികതയേയും കുറിച്ചു് അനുഭവപ്പെടുകയും ചെയ്യുന്നു. അവിടെ യുക്തിവാദങ്ങൾക്കു് ആവശ്യമോ സ്ഥാനമോ ഇല്ലാതാവുന്നു. ഒന്നിനെ സ്നേഹിക്കുമ്പോൾ അതുള്ളതാണെന്നു് തെളിയിക്കുവാൻ വേറെ പ്രമാണം ആവശ്യമില്ലല്ലോ. അങ്ങനെ ഭക്തിയിൽ സിദ്ധിനേടിയവൻ സർവ്വത്തേയും ഈശ്വരമയമായിക്കാണുന്നു.

പരമവും പരാൽപ്പരവുമായ ഈ ദിവ്യപ്രേമത്തിന്റെ സ്വഭാവത്തെ വിവരിക്കുവാൻ മനുഷ്യഭാവനക്കു് സാധ്യമല്ല. വാക്കിനു് ഗോചരമല്ലാത്ത നി

രപേക്ഷബ്രഹ്മത്തെ ബോധിപ്പാനും സാപേക്ഷമായ ഭാഷയെ ഉപയോഗിക്കേണ്ടിരിക്കുന്നു. ഈ ദിവ്യപ്രേമത്തെ വർണ്ണിപ്പാൻ അതിന്റെ വിവിധഭാഗങ്ങളെ വ്യക്തമാക്കാൻ ശാന്തം, ദാസ്യം, സഖ്യം, വാത്സല്യം, മധുരം എന്നീ പദങ്ങൾ ഉപയോഗിക്കപ്പെട്ടിട്ടുണ്ടു്. ശാന്തം എന്നുപറയുന്നതു്, ഭക്തിയുടെ സൌമ്യമായ, തീവ്രതയില്ലാത്ത അവസ്ഥയാകുന്നു. പൂജാദികളായ പ്രകടനങ്ങളിൽനിന്നെല്ലാം ഉയൎന്നു് മനസ്സിന്റെ സ്വാസ്ഥതയെ പാലിച്ചുകൊണ്ടുള്ള ഭക്തിയുടെ അവസ്ഥയാണു് ശാന്തം. ഭക്തൻ ഭഗവാന്റെ ദാസനാണെന്നഭാവത്തിൽ, വിശ്വസ്തഭൃത്യന്നു് സ്വാമിയോടുള്ള പ്രതിപത്തിയെ ആദൎശമാക്കിയുള്ളതാണു് ദാസ്യഭക്തി. ഭഗവാനെ നിത്യലീലാസഹചാരി എന്നുഭാവിച്ചു്, ജീവിതത്തെ ഒരു നേരമ്പോക്കായി കണക്കാക്കുന്ന ഭക്തിയാണു് സഖ്യം. ഭക്തിയിൽ ഭയത്തിന്റെ അംശം ഇല്ലാതാവുന്നതിന്നു് സഹായിക്കുന്ന ഭാവനയാണു് വാത്സല്യം. ഭയം, ബഹുമാനം, അനുസരണം എന്നീഭാവങ്ങൾ സ്വഭാവം ദൃഢപ്പെടുത്തുന്നതിന്നു് സഹായിക്കുന്നു. എന്നാൽ ഭക്തിയിൽ ഭയാദിഭാവങ്ങൾക്കു് സ്ഥാനം ഉണ്ടായാൽ അതു് സങ്കുചിതമായിത്തീരും. ഭക്തിനിരുപാധികമായിരിക്കണം. ഈശ്വരനോടുള്ള പ്രേമം നിരുപാധികമാകണം, ശിശുവിനെ മാതാവു സ്നേഹിക്കുന്നതു് നിരുപാധികമാണല്ലോ. അതിനെ മാതൃകയാക്കിയുള്ളഭക്തിയുടെ ഭാവത്തെ വാത്സല്യം എന്നുപറയുന്നു. പ്രേമത്തിന്നു് ലോകത്തിൽകാണുന്ന മൂൎദ്ധന്യാവസ്ഥ സ്ത്രീപുരുഷപ്രണയമാണല്ലോ. സ്വന്തം പ്രകൃതിയെ നിശ്ശേഷം മാററിമറിക്കുന്നതും മനുഷ്യനെ ദേവനോ അസുരനോ ആക്കുന്നതും ആയ അതിന്റെ ശക്തി അതിരററതാകുന്നു. അതിനെ മാതൃകയാക്കുന്ന ഭക്തിയുടെ ഭാവത്തെ മധുരമെന്നുപറയുന്നു. ഈ ദിവ്യപ്രേമഭാവത്തിൽ ഈശ്വരൻ നമ്മുടെ ഏക കാമുകനാകുന്നു, നാമെല്ലാവരും സ്ത്രീകളും. ഈശ്വരനിൽ അല്ലാതെ മറെറന്തിൽ നാം രമിക്കും? മൺകട്ടകളിൽനിന്നു് എന്തു് രസാനുഭവമാണുണ്ടാകുക? അനന്തസുഖാനുഭവത്തിന്റെ സത്തെടുത്തു് സ്റ്റംടം ചെയ്തുവെച്ചിരിക്കുന്നതിനേയാണു് നാം തേടുകയും നേടുകയും വേണ്ടതു്. നമ്മുടെ രാഗവികാരങ്ങളെല്ലാം അങ്ങോട്ടുചെല്ലണം. ഭാൎയ്യാഭൎത്തൃപ്രേമംപോലും വേണ്ടത്ര ലഹരിപിടിപ്പിക്കുന്നില്ല, തജ്ജന്യങ്ങളുടെ ബാധകൊണ്ടു് അഭിനിവേശത്തെ വൎദ്ധിപ്പിക്കുന്നില്ല. എന്നുവെച്ചു് ജാരപ്രേമത്തെപ്പോലും ഭക്തിക്കു് മാതൃകയാക്കുന്നുണ്ടു്. എല്ലാവരും നിരോധിച്ചിട്ടും നിൎബന്ധിച്ചിട്ടും അതൊന്നും വകവെക്കാതെ ജാരനെത്തന്നെ പ്രേമോന്മാദത്തോടുകൂടി പ്രാപിക്കുവാൻ യുവതി പരിഭ്രമിക്കുന്നതുപോലെ ഭക്തൻ മറെറാന്നും വകവെക്കാതെ ഈശ്വരനെത്തന്നെ സാക്ഷാൽക്കരിക്കുവാൻ ഉഴറുന്നു. ഇങ്ങനെ മനുഷ്യപ്രേമത്തിന്റെ വിവിധരൂപങ്ങളിൽ ഭക്തിയെ വൎണിച്ചിരിക്കുന്നതു് ഭാഷയുടെ പരിമിതിനിമിത്തം തെററിദ്ധരിക്കപ്പെട്ടു് ആക്ഷേപിക്കപ്പെട്ടിട്ടുണ്ടു്. എന്നാൽ പ്രേമത്തിന്റെ മൃഗീയമായ പ്രകടനമായ ഐന്ദ്രിയമായ "കാമ"ത്തിന്നു് ഭക്തിയിൽ സ്ഥാനമില്ല, രാമൻ ഉള്ളേടത്തു് കാമവും കാമം ഉള്ളേടത്തു് രാമനും ഇടമില്ല

# നാരായണീയം

എ. ആർ. മേനോൻ

## 83-ാം ദശകം

1 വൃന്ദാവനേ ഹലിവിളിച്ചു വരാതിരുന്ന
കാളിന്ദിയെപ്പുരമടക്കി മദാന്ധചിത്തൻ
സ്ത്രീസക്തനായി വിഹരിക്കവെ പൌണ്ഡ്രകാഖ്യ-
നങ്ങക്കു ഭൃത്യമൊഴികേട്ടൊരു ദൂതയച്ചു.

2 "ഞാനാണു ഭൂഭരമകററുവതിന്നു വന്ന
നാരായണൻ, കപടമാം തവ വേഷമെല്ലാം
വേഗത്തിലായതു കളഞ്ഞഭയം ഗമിച്ചീ"
ടെന്നാണു ദൂതു, ചിരിയാണ്ടു സദസ്യരെല്ലാം

3 ദൂതൻഗമിച്ചു, പടയോടു ഭവാനുമപ്പോൾ
പോയ്ക്കണ്ടു ചിത്രതരപൌണ്ഡ്രക വേഷധാടി
പൊള്ളിച്ച മർവ്വിടവുമേറെ വിലപ്പിടിച്ച
രത്നം തഥാ മകരകുണ്ഡല പീതവസ്ത്രം

4 അങ്ങക്കനേക്വനിരുന്നു രഥാംഗമാഞ്ഞാ=
നപ്പോൾ ഭവാൻ പ്രളയവഹ്നിയുതിർത്തിടുന്ന
ചക്രാലവന്റെ തല കൊസ്തഥ തസ്യസൈന്യം
മർദ്ദിച്ചു, കാശിപശിരസ്സിനെ വീഴ്ത്തി കാശ്യം

---

ഈ ദിവ്യപ്രേമാന്മാദം ഒന്നുമാത്രം ആകുന്നു. ലൌകിക വിഷയാസക്തിയെന്ന രോഗം മാററുവാനുള്ള സിദ്ധമായ ഔഷധം. അതിൽ ദൃഢതവന്നാൽ തത്വവിചാരങ്ങളൊന്നും അവശേഷിക്കുന്നില്ല, മോക്ഷത്തിൽപോലും ആഗ്രഹം ഇല്ലാതാവുന്നു. ആനന്ദമഗ്നനായിരിക്കെ ആഗ്രഹിക്കാൻ വിഷയമൊന്നും അവശേഷിക്കുന്നില്ല. ഭക്തിമാർഗ്ഗത്തിൽ എവരും ദ്വൈതികളായാണാരംഭിക്കുന്നതു്. എന്നാൽ ക്രമേണ പ്രേമത്തിന്റെ നാനാരൂപങ്ങളിൽക്കൂടി കടന്നുചെല്ലുമ്പോൾ ഉപാസകൻ ഉപാസ്യനിൽ നിശ്ശേഷം ലയിച്ചിരിക്കുന്ന ഒരവസ്ഥ അനുഭവപ്പെടുന്നു. ഭക്തിയും ഭക്തനും ഭഗവാനും ഒന്നുതന്നെ എന്ന സച്ചിദാനന്ദാനുഭവം സാക്ഷാൽക്കരിക്കപ്പെടുകയും ചെയ്യുന്നു.

— * —

5 മൌഢ്യേന ബാലവചനേനച വാസുദേവൻ
ഞാൻതന്നെയന്നു ദൃഢമായി ധരിച്ചമൂലം
സായൂജ്യമാർന്നിതിവനും ഭവ ദൈക്യബോധാ–
ലോരോരുവൻ സുകൃതമെത്രയതാരറിഞ്ഞു.

6 കാശീരപുത്രനുടനങ്ങയൊടാഭിചാരം
ചെയ്യാനുമേശനെ ഭജിച്ചു സുദക്ഷിണാഖ്യൻ
സൃഷ്ടിച്ച കൃത്യകയെ ബാണരണേ ഭയന്ന
ഭൂതാളിയോടൊരു വിധത്തിലിണച്ചയച്ചു

7 സർവ്വം ദഹം ധനവും പനയൊത്തകാല്യം
കണ്ടിട്ടു പേടിയൊടുനിന്നെയണഞ്ഞിപൌരർ
ദ്യൂതത്തിൽ നിന്നഥ ഭവാനിളകീലതെല്ലും
കാലാഖ്യചക്രമതുമാത്രമയച്ചു വേഗം

8 അത്യന്തദീപ്തിയൊടു നേരിൽവരും തവാസ്ത്രം
കണ്ടിട്ടുകൃത്യക കരഞ്ഞുചിടുന്നുമണ്ടി
ദുഷ്ടൻ സുദക്ഷിണനെ തീയ്യിലെരിച്ചശേഷം–
മപ്പോലെ കാശിയെ സുദർശനവും കരിച്ചു.

9 ദശമുഖരണേ നാനാവിധത്തിൽ സഹായവാൻ
വിവിധനിഹ നിന്നംശാലന്തം വരാൻ ഖലനായിനാൻ
നരകനുസുഹൃത്തായിപ്പൌരർക്ക് പീഡയണക്കവേ
ഹലിയൊടൊരുനാളേററം ഭ്രമൌ പകിച്ചു തലാഹതൻ.

10 സാംബൻദുര്യ്യോധനന്റെ പ്രിയസുതയെഹരിച്ചിടവേ ബദ്ധനായാൻ
രാമൻപോയ് സാന്ത്വനാർത്ഥം കടുവചനരുഷാ ഹസ്തിനപുരത്തെപ്പുഴക്കി
കൊല്ലേണം പാണ്ഡവന്മാരിവരെയിതി രണത്തിന്നൊരുങ്ങീലയപ്പോ–
ളേവം ദുർജ്ഞേയലീലൻ പവനപതിയണച്ചീടണേ രോഗശാന്തി.

# മഹദ്വാക്യങ്ങൾ

1 അബദ്ധം ചെയ്യാത്തവൻ ആനന്ദാവസ്ഥയെ പ്രാപിക്കുന്നു, അബദ്ധം ചെയ്യുന്നവനോ, വ്യസനാകീർണ്ണമായ മരണാവസ്ഥയേയും. പ്രമാദം പററാത്തവൻ അതു് പററുന്നവനെപ്പോലെ ഐഹിക ദുഃഖങ്ങളനുഭവിച്ച് മരിക്കുന്നില്ല. (ശ്രീബുദ്ധൻ)

2 സദുദ്ദേശത്തോടുകൂടാത്തതൊഴിച്ച് നല്ലതെന്നു് വിളിക്കത്തക്കതായി ഈ ലോകത്തിലോ ഇതിന്നു് പുറത്തോ യാതൊന്നുമില്ല; സ്വന്തം കാന്തികൊണ്ടു് ശോഭിക്കുന്നതേതോ അതു് രത്നമാണു് (കാൻറ്)

3 ആരേയും അവഗണിക്കരുതു്. എല്ലാവരുടെ അഭിപ്രായങ്ങളും കേൾക്കണം. കുട്ടികളുടേതായാലും അർത്ഥമുള്ള വാക്കിനെ അറിവുള്ളവർ സ്വീകരിക്കണം. (വിശാലാക്ഷണൻ)

4 ദൈവത്തെ ഒന്നും ഓർമ്മപ്പെടുത്തേണ്ടതായിട്ടില്ല. അദ്ദേഹം എല്ലാററിലും ഉണ്ടു്. നമ്മുടെ പ്രാർത്ഥന ഒരുതരം ആത്മസംശോധനമാണു്. അതു് വിനയത്തിന്നുള്ള ഒരു ആഹ്വാനമാണു്. അതു് ആത്മശുദ്ധിക്കും, ആത്മാന്വേഷണത്തിന്നും ഉള്ള ഒരു പ്രചോദനവുമാണു്. (ഗാന്ധിജി)

5 ഐഹികത്തിൽ സന്തുഷ്ടനായ മനുഷ്യൻ പാരത്രികത്തിലും സന്തുഷ്ടനായിരിക്കും. സുകൃതം ചെയ്തവർ രണ്ടുലോകത്തിലും സന്തുഷ്ടരായിരിക്കും (ബുദ്ധൻ)

# കടംകഥകൾ

1 ഇലകാരക കോരക, പൂസന്നപിന്ന, കാകച്ചപിച്ച.

2 ഓടി ഓടി കണ്ടിൽ ചാടി, കൂക്കിവിളിച്ചു, കുന്നിൽകേറി

3 കഷ്ടംപിടിച്ചതും, കമ്മായം തേച്ചതും, തന്നെപരന്നതും തല്ലിപ്പുരത്തിയതും.

4 സൂചിപോലെ ഇലവന്നു, മദ്ദളംപോലെ ഇലവിരിഞ്ഞു, ഞാനതിൻെറ കായതിന്നു, നീ അതിൻെറ പേർപറ.

5 ധിമിധാളുവിന്നു് കണ്ണുണ്ടു് കണ്ടുകൂടാ, കാതുണ്ടു് കേട്ടുകൂടാ, വായുണ്ടു് മിണ്ടിക്കൂട.

ഉത്തരം അടുത്തലക്കത്തിൽ. കഴിഞ്ഞലക്കം — ഉത്തരം.

1. ആമ, 2. ചക്ക, 3. മയിൽ, 4. ഫൌണ്ടൻപെന, 5. നെല്ലും വൈക്കോലും, 6. കോഴിത്തൂവൽ.

# ക്ഷേമരാഷ്ട്രം

പി. ജി. എം.

ഒരു ക്ഷേമരാഷ്ട്രം കെട്ടിപ്പടുക്കുന്നതിൽ ഉത്സുകരായി, കഠിനപരിശ്രമത്തിൽ നാം മുഴുകിയിരിക്കുന്ന ഒരു ഘട്ടമാണല്ലോ ഇതു്. എന്തൊക്കെയാണു് അതിന്റെ ഘടകങ്ങൾ, എങ്ങനെയാണു് അവയെ പ്രവൎത്തിരംഗത്തിൽ കൊണ്ടുവരേണ്ടതു്, എന്നിവയെപ്പററി കൂടുതൽ വ്യക്തവും വിശദവുമായ ആശയസംഭരണം അത്യന്താപേക്ഷിതമാണു്.

ആഹാരം, വസ്ത്രം, വസതി വിദ്യാഭ്യാസം, ആതുരശുശ്രൂഷ, ആഹ്ലാദോപായങ്ങൾ എന്നിവ സമൃദ്ധിയായുണ്ടായിത്തീരുന്നതു് ക്ഷേമരാഷ്ട്രത്തിനു് ആവശ്യമായിട്ടുള്ളതുതന്നെ. എന്നാൽ ലൗകികസുഖാനുഭൂതികൾ ആവുന്നത്ര നേടുകയെന്ന ഏകലക്ഷ്യം മാത്രം കരുതി പ്രവൎത്തിക്കുന്നതായാൽ ശരിയായ സമാധാനം സ്ഥാപിക്കുവാൻ സാധിക്കുന്നതല്ല. ക്ഷേമത്തിന്റെ കാതൽ സന്തുഷ്ടിയിലാണു്. സന്തുഷ്ടി നിലകൊള്ളുന്നതോ ധർമ്മപാലനത്തിലും. ആമ അംഗത്തെയെന്നപോലെ കാമങ്ങളെ അടക്കുമ്പോഴാണു് ആത്മജ്യോതിസ്സു് തെളിഞ്ഞുവിളങ്ങുക. ആരേയും ഭയപ്പെടാതെയും ആൎക്കും ഭയം നല്കാതെയും കാമദ്വേഷജയം സാധിക്കുന്നവർ എത്രയധികം ഉണ്ടാകുന്നുവോ അത്രയധികം ക്ഷേമം പരക്കെ കൈവരും. കരളുകൊണ്ടും വാക്കുകൊണ്ടും കർമ്മംകൊണ്ടും സൎവ്വഭൂതദ്രോഹം കൈവിടുവാനുള്ള യത്നങ്ങളാണു് എപ്പോഴും വേണ്ടതു്. ദ്രോഹവാസന വെടിയുക, സത്യത്തെ മാനിക്കുക, പരന്മാൎക്കും പങ്കിട്ടുകൊടുക്കുക, ഇന്ദ്രിയചാപല്യത്തെ അടക്കുക, സ്വഭാൎയ്യയിൽമാത്രം വിധിപ്രകാരമുള്ള സുതാധാനം ചെയ്യുക, പാരുഷ്യമില്ലാതിരിക്കുക, അവിഹിതകൎമ്മങ്ങളിൽ ലജ്ജയുണ്ടായിരിക്കുക, പ്രവൃത്തിയിലും പെരുമാററത്തിലും സ്ഥിരത പുലൎത്തുക എന്നീ ഗുണാനുഷ്ഠാനങ്ങൾ പ്രചുരപ്രചാരത്തിൽ പ്രവൎത്തിതങ്ങളാവേണ്ടിയിരിക്കുന്നു.

---

# പഴഞ്ചൊല്ലുകൾ

1 ആഴമുള്ള കടലിൽ ഓളം കുറയും

2 ആരാന്റെ പല്ലിനേക്കാൾ അവനവന്റെ തൊണ്ണുനല്ലൂ.

3 ആററിലായാലും അളന്നുതൂവണം.

4 ആഴമുള്ള കിണററിനു് നീളമുള്ള തോട്ടി

5 ആഗ്രഹം നിഗ്രഹിച്ചാൽ വ്യഗ്രത പററുകില്ല.

— * —

നല്ല ആദർശങ്ങൾ പ്രസംഗിക്കാൻ കൊള്ളാമെന്നല്ലാതെ ആചരണത്തിനുള്ളതല്ലെന്ന ഒരു ധാരണയാണ് പരക്കെയുണ്ടാവുന്നത്. പ്രയോഗത്തിൽ വരുത്താത്ത സദാശയം ഫലത്തിലെത്തുകയില്ലെന്ന് ആൎക്കാണ് അറിയാത്തത്? ഓരോരുത്തരും അവരവരുടെ രംഗത്തിൽ സന്ദർഭോചിതം ഇത്തരം നല്ല വ്യവസ്ഥകളെ അടിസ്ഥാനപ്പെടുത്തി പ്രയത്നിക്കുവാൻ സന്നദ്ധത പ്രദർശിപ്പിച്ചാലല്ലാതെ ഉൽഗതിക്ക് വഴിയില്ല. ഇത്തരം ഉൽബോധനങ്ങളും പ്രവൎത്തനങ്ങളും ധാരാളം വളൎന്നുകൊണ്ടേയിരിക്കുന്നു.

ലൌകികസുഖഭോഗങ്ങൾക്കുള്ള മാൎഗ്ഗങ്ങൾ കണക്കിലധികം വർദ്ധിപ്പിക്കുന്നതുകൊണ്ടുമാത്രം വേണ്ടത്ര ക്ഷേമം കരഗതമാകയില്ലെന്നതിലേക്ക്, പുത്തൻ പരിഷ്കാരത്തിന്റെ പരമകാഷ്ഠയിൽ ഉല്ലസിക്കുന്ന ഇന്നത്തെ പാശ്ചാത്യരാഷ്ട്രങ്ങൾ തെളിവുകളാണ്. എങ്ങനെയെങ്കിലും ജീവിതമുന്തിരിച്ചാർ ആസ്വദിച്ചാൽ മതി എന്നുകരുതി ഇന്ദ്രിയതൃപ്തിക്കായി തഞ്ചംപോലെ ചുവടുവെക്കുന്നത് എത്ര അഗാധ നാശത്തിന്നാണിടവരുത്തുന്നതെന്ന് അറിയുമ്പോൾ, ഇത്തരം അന്ധമായ അനുകരണം ഒട്ടും ആശാസ്യമല്ലെന്ന് വ്യക്തമാവാതിരിക്കയില്ല. നാശോന്മുഖമായപട്ടതിരികത്തലാണ് അത്തരം കാന്തിപ്പകിട്ടുകൾ എന്ന് ധരിക്കുന്നത് ഗുണകരമായിരിക്കും. ലൌകിക സുഖാനുഭവങ്ങൾ ഒരതിൎത്തിവരെ ആവശ്യമാണ്. പക്ഷേ, അതിലും ഉപരിയായ നിലയിലെത്തുവാനുള്ള പ്രചോദനം അത്തരം അനുഭവങ്ങളിൽ നിന്നുളവാകണം. അതിന്ന് തരപ്പെടണമെങ്കിൽ മനുഷ്യനിലുള്ള ദിവ്യതത്വത്തെപ്പററിയുള്ള ബോധത്തിന്ന് പ്രധാനസ്ഥാനം ലഭിക്കേണ്ടിയിരിക്കുന്നു. ഭാരതീയ തത്വചിന്തയെപ്പോലെ ഇതിന്നുപകരിക്കുന്ന മറെറാന്നില്ലെന്നാണ് കാര്യമറിഞ്ഞവരുടെ കഴമ്പായ അഭിപ്രായം.

ക്ഷേമരാഷ്ട്രത്തെക്കുറിച്ച് ഓരോ വ്യക്തിക്കും വ്യക്തമായ അഭിപ്രായം ഉണ്ടായിരിക്കേണ്ടതും അതിന്റെ പ്രായോഗിക പ്രവൎത്തനത്തിൽ ഗണ്യമായ പങ്കുണ്ടായിരിക്കേണ്ടതുമാകുന്നു. വ്യക്തിയുടെ ഹിതത്തിന്നുവേണ്ടിയുള്ള ആചരണങ്ങൾ പരന്മാൎക്കും ഗുണകരമായിത്തീരത്തക്കവിധത്തിലാവണം. ചില നിയന്ത്രണങ്ങളുടെ ആവശ്യം ഇതുകൊണ്ടാണുണ്ടായിത്തീരുന്നത്. മനുഷ്യപ്രകൃതിയുടെ ന്യായപൂർവ്വമായ എല്ലാം ആവശ്യങ്ങളേയും വിധിപോലെ തൃപ്തിപ്പെടുത്തുന്നതോടെ പൊതുക്ഷേമത്തിന്നുപയുക്തമായവിധം അത്തരം പ്രവണതകളെ നിയന്ത്രിക്കുകയുമാണ് ആവശ്യം. മൂല്യങ്ങളെ സംബന്ധിച്ച് ശരിയായ ബോധം ഉണ്ടായിരിക്കണം. ബോധപൂർവ്വമുള്ള പ്രവൎത്തനങ്ങൾകൊണ്ടേ ക്ഷേമം കൈവരൂ.

ആഗ്രഹങ്ങളെ കടിഞ്ഞാണില്ലാതെ അയച്ചുവിടുന്നതുകൊണ്ട് ആൎക്കും ക്ഷേമം ലഭിക്കയില്ല. ഇന്ദ്രിയസുഖങ്ങളിൽ കവിഞ്ഞൊന്നും വേണ്ടെന്ന് കരുതുന്ന ലോകായതികന്നുപോലും ചില നിയമനങ്ങളും അനുഷ്ഠാനവിധികളും

സ്വയം സ്വീകരിക്കേണ്ടതുണ്ടു്. അങ്ങനെയല്ലാഞ്ഞാൽ ആയാൾക്കു് നിരാശക്കുണ്ടിലടിഞ്ഞുകൂടുവാനേ ഇടവരൂ. നല്ല വികസനസാദ്ധ്യതകളുള്ള എത്രയെത്ര സുഗന്ധകുസുമങ്ങളാണു് നിയന്ത്രണമില്ലാത്ത ജീവിതരീതിക്കടിപെട്ടു് അകാലത്തിൽതന്നെ വാടിക്കൊഴിഞ്ഞു് പോയിട്ടുള്ളതെന്നോ! ശാരീരികവും മാനസികവും ബുദ്ധിപരവും ധാർമ്മികവുമായ വിവിധ രംഗങ്ങളിലുള്ള മൂല്യങ്ങളെ വേണ്ടതുപോലെ വിലയിരുത്തി, എല്ലാററിനേയും ഇണങ്ങുംവിധം പൊരുത്തപ്പെടുത്തി, വ്യക്തിയുടേയും സമുദായത്തിൻേറയും ഉൽക്കർഷം സ്ഥാപിതമാകത്തക്കവിധം സുസംഘടിതമാക്കുന്നതിലാണു് ക്ഷേമരാഷ്ട്രത്തിൻേറ സുസ്ഥിതി സ്ഥാപിതമായിട്ടുള്ളതു്.

സമ്പൽസ്ഥിതി മെച്ചപ്പെടുന്നതുകൊണ്ടു് മാത്രം എല്ലാം ശരിപ്പെടുമെന്നതു് വ്യാമോഹം മാത്രമാണു്. ശരീരവും മനസ്സും ബുദ്ധിയും പൊരുത്തപ്പെട്ടു് പോകേണ്ടതുണ്ടു്. ആരോഗ്യപരിപാലനത്തിൽ വേണ്ടത്ര ശ്രദ്ധ പതിയേണ്ടതു് അത്യാവശ്യംതന്നെ. പക്ഷെ ശരീരത്തിൻേറ ആരോഗ്യംപോലെതന്നെ, വാസ്തവത്തിൽ അതിലും ഉപരി, മനസ്സിൻേറ ആരോഗ്യകാര്യത്തിലും ജാഗ്രത വേണ്ടിയിരിക്കുന്നു. ധാർമ്മികമായ അധഃപതനത്തിൽ നിന്നു് അതുകൊണ്ടുമാത്രമേ രക്ഷകിട്ടുകയുള്ളു. ഇക്കാലത്തു് ഇക്കാര്യം പ്രത്യേകം ഊന്നിക്കാട്ടേണ്ടിയിരിക്കുന്നു. പ്രശ്നങ്ങളെ നല്ലപോലെ മനസ്സിലാക്കി വിലയിരുത്തുവാൻ ബുദ്ധിക്കു് തെളിമവേണം. ഉത്തമചിന്തകളെ ഉൾക്കൊള്ളുവാനുള്ള കെല്പാണുണ്ടാകേണ്ടതു്. വക തിരിച്ചറിഞ്ഞ സംഗതികളെ അനുഷ്ഠിക്കുവാനുള്ള സന്നദ്ധതയും വേണം. കഠിനമായ പ്രയത്നംകൂടാതെ കാര്യമായൊന്നും കൈവരുന്നതല്ല.

അധികാരവികേന്ദ്രീകരണംകൊണ്ടേ അധികം ആളുകൾക്കു് ക്ഷേമരാഷ്ട്രപ്രവൎത്തനങ്ങളിൽ സജീവമായ പങ്കെടുക്കുവാൻ അധികൃതനിലയിൽ സാദ്ധ്യമാവൂ. പൊതുജനങ്ങളെ ഉണൎത്തി ഉത്സാഹിപ്പിച്ചു് കൎത്തവ്യബോധമുള്ളവരാക്കി പ്രവൎത്തനങ്ങളിൽ പങ്കുകൊള്ളിക്കുന്നതുകൊണ്ടാണു് ഒട്ടാകെയുള്ള പുരോഗതി പ്രാപ്തമാകുന്നതു്. ചില കേന്ദ്രങ്ങളിൽ മാത്രം പ്രയത്നങ്ങൾ കേന്ദ്രീകരിക്കാതെ, രാജത്തിൻേറ എല്ലാ ഭാഗങ്ങൾക്കും ബാധകമാകത്തക്കവിധം അവയ്ക്കു വൈപുല്യം ഉണ്ടാക്കിത്തീർക്കയും, ഓരോരുത്തരും അവരവരുടെ ധർമ്മം ക്രമപ്രകാരം അനുഷ്ഠിച്ചു പരക്കെ സംതൃപ്തിയും സമാധാനവും ഉണ്ടാകത്തക്ക വിധത്തിൽ ഒത്തൊരുമിക്കയും ചെയ്യുകിലല്ലാതെ ക്ഷേമരാഷ്ട്രം ഉറപ്പേറിയ അധിഷ്ഠാനത്തിൽ പടുത്തുയൎത്തുവാൻ തരപ്പെടുകയില്ല. ഈ തത്വം ഗ്രഹിച്ചു പുരോഗമിക്കുവാൻ നമുക്കു തരം വരുമാറാവട്ടെ!

# പിശുക്കനെ ധർമ്മിഷ്ഠനാക്കി

*സി. പി മുരളീധരൻ, VII Std. കണ്ടശ്ശാംകടവ്.*

ഒരുനാട്ടിൽ കേശവൻചെട്ടിയാർ എന്നൊരു വലിയ വ്യാപാരി ഉണ്ടായിരുന്നു. അയാൾ വളരെ പണം സമ്പാദിച്ചിരുന്നു. കുബേരനെപ്പോലെ അളവററ ധനത്തിൻെറ അധിപനായിരുന്നു ചെട്ടിയാർ; പക്ഷെ, "അറുത്ത കയ്യിലുപ്പിടാത്ത" മഹാപിശുക്കനായിരുന്നു അയാൾ. വല്ല സാധുക്കളോ ദരിദ്രരോ ധർമ്മം യാചിച്ച് പടിക്കകത്തുകടന്നാൽ പട്ടിയെവിട്ട് കടിപ്പിക്കുകയാണയാൾ ചെയ്യുന്നതു്. താൻ ആർക്കും ഒന്നും കൊടുക്കുകയില്ല; അന്യരുടെ മുതൽ തട്ടിപ്പറിക്കുകയും ചെയ്യും. പണക്കാരനല്ലേ! പോലീസും നിയമവും ആയാളെ അനുസരിച്ചല്ലേ നില്ക്കുകയുള്ളു.

ചെട്ടിയാരുടെ ദ്രോഹം അസഹ്യമായിത്തീർന്നു; ജനങ്ങൾക്ക് പൊറുതിമുട്ടി. അതിനൊരു പരിഹാരംകാണാതെ നാട്ടുകാർ വളരെ വ്യസനിച്ചു. ഈഘട്ടത്തിൽ ആനാട്ടിൽ ഒരു മന്ത്രവാദി വന്നു. അയാൾ ഈവക സകല സംഗതികളും മനസ്സിലാക്കി. ജനങ്ങളെ ചെട്ടിയാരുടെ ഉപദ്രവങ്ങളിൽനിന്ന് രക്ഷിക്കുവാൻ മന്ത്രവാദി തീർച്ചയാക്കി. അയാൾ ഒരുദിവസം ചെട്ടിയാരുടെ വീട്ടിൽചെന്നു. വളരെ സാധുക്കൾ നാട്ടിൽ പട്ടിണികിടക്കുന്നുണ്ടെന്നും അവർക്കെല്ലാം വല്ലതും ധർമ്മംകൊടുക്കേണമെന്നും മന്ത്രവാദി ചെട്ടിയാരോടപേക്ഷിച്ചു ഗർവ്വിഷ്ഠനായ വ്യാപാരി അതൊന്നും കേൾക്കാതെ മന്ത്രവാദിയെ പുച്ഛിച്ച് പുറത്തുപോകുവാൻ കല്പിച്ചു—മന്ത്രവാദി പുറത്തുകടന്നു. താൻ കൊണ്ടുപോയ ഒരുജോടി പുതിയചെരുപ്പിനെ ഇമ്മറത്ത് വെച്ചുപോയി.

ചെട്ടിയാർ ഊണുകഴിഞ്ഞ് വ്യാപാരസ്ഥലത്തേക്കുപോകുവാൻ പുറത്തുവന്നപ്പോൾ അവിടെ രണ്ടുപുതിയ ചെരുപ്പുകളിരിക്കുന്നതുകണ്ടു. ചെട്ടിയാരെ കണ്ടഉടനെ ആ ചെരുപ്പുകൾ തുള്ളിച്ചാടി അയാളെ അടിതുടങ്ങി. അയാൾ ഓടി. ചെരുപ്പുകളും ഒപ്പംചെന്ന് അടിച്ചു. ചെരുപ്പടികൊണ്ട് ചെട്ടിയാർ അത്യന്തം പരവശനായി. ചെരുപ്പുകൾ ചെട്ടിയാരെ അടിക്കുന്നതുകണ്ട് നാട്ടുകാർ കൂട്ടംകൂടിനിന്ന് അയാളെ പരിഹസിച്ചതേയുള്ളു. എത്ര അപേക്ഷിച്ചിട്ടും ആരും അയാളെ സഹായിച്ചില്ല. അയാൾ അവരെയെല്ലാം അത്യധികം ദ്രോഹിച്ചിട്ടുണ്ട്. ഒടുവിൽ നമ്മുടെ മന്ത്രവാദി ആവഴിവരുന്നതുകണ്ട് ചെട്ടിയാർ അയാളെ ശരണംപ്രാപിച്ചു. "മേലിൽ പണം സൽവിഷയങ്ങളിൽ ധാരാളം ചിലവാക്കാമെന്നും, സാധുക്കളേയും അശരണരേയും രക്ഷിക്കാമെന്നും സത്യം ചെയ്യുന്നപക്ഷം ചെരുപ്പടിയിൽനിന്ന് രക്ഷിക്കാമെന്ന് മന്ത്രവാദി പറഞ്ഞു. അപ്രകാരം ചെട്ടിയാർ സത്യം ചെയ്തു. ഉടനെ മന്ത്രവാദി ഒരു മന്ത്രം ജപിച്ച് ചെരുപ്പടിനിർത്തി. അനേകായിരം ജനങ്ങൾ അനുഭവിക്കേണ്ടതിനെ ഒരുത്തൻ സ്വകാര്യമായിവെച്ചാൽ അവനുവരുന്ന ഗതി മാത്രമാണ് ചെട്ടിയാർക്കുകിട്ടിയ ചെരുപ്പടി.

(പ്രോത്സാഹനാർത്ഥം)

# സാഹിത്യവിനോദം

## കഴിഞ്ഞലക്കത്തിലെ സമസ്യയുടെ പൂരണം.

ഇക്കാണും ലോകമെല്ലാമൊരു നടനകലാ
    വേദിയാണീശനാണി-
സൽക്കാവ്യത്തിൻ കഥാനായകനതിചതുരൻ
    നമ്മളെല്ലാം നടന്മാർ;
വക്കാണത്തിന്നൊരുങ്ങും നിയതി നടിനിശം-
    കർട്ടനിട്ടക്ഷേപം-
ലെക്കാലത്തും നടത്തുന്നൊരു മഹിതമഹാ
    "നാടകം നാടകം താൻ"

ആത്മാരാമൻ

## "അഗ്രേപശ്യാമി" എന്ന ശ്ലോകത്തിൻെറ വേറൊരു തർജ്ജമ

"മുന്നിൽകാണ്മൂ, തിളക്കം, മധുരമിത, കളാ-
    യങ്ങൾ തുടർന്നപോൽ-ഞാൻ
പീയൂഷത്തിൽക്കുളിച്ചേൻ,- അതിനകമിത, ദി
    വ്യാഭമാം ബാലരൂപം
താരുണ്യം തൊട്ടനില്പൂ, രുചിര, മതിരസം
    പൂണ്ടുകോരിത്തരിച്ചു
ച്ചുഴന്നു നാരദൻ തൊട്ടവരുമുപനിഷ-
    ത്തുക്കളും ദേവിമാരും".

(കെ. രാഘവൻ തിരുമുല്ലാട്ട്-ചാലക്കുടി.)

## ഒന്നുതന്നെ.

*കുട്ടമശ്ശേരി നാരായണപിഷാരടി, എം. എ.*

അന്തിയാകുന്ന പൊൻമാൻകിടാവിനെ
ഹന്തവാനത്തു വേട്ടയാടീടുവാൻ
അമ്പിളിപ്പൊളിച്ചൂടി ക്കരംതന്നി-
ലമ്പുമായ്‌വന്നു രാവ കരിവർണ്ണൻ
പേടിപൂണ്ടു കുതിച്ചോടിയന്തിപോയ്
വേടനമ്പെയ്യാൻ പിൻതുടർന്നീടിനാൻ
    ഓടിയോടിക്കിതച്ചു ഗതിമുട്ടി
    വാടിയന്തിയൊട്ടു വിലിടരോടെ
    പൊൻകതിർച്ചാർത്തു ചിന്നും ദിനത്തിൻെറ
    യങ്കസീമ്‌നി തളർന്നഹോ വീണിതു!
    അല്പമോമിത്തളർന്നു വശംകെട്ടു
    നില്പാതപ്പൊഴെ പാടേ വിളർത്തുപോയ്.
    ചെന്നുചേന്നു ദിനത്തിൻെറയന്തികെ
    മിന്നുമന്തിയെക്കണ്ടിതവിടത്തിൽ
    അല്ലിനെന്നപോലന്തിക്കുമേവർക്കും
    ചെല്ലേണ്ടമിടമൊന്നു താനന്തിയിൽ.

— * —

# നിർവ്വാഹക സംഘനിവേദനം

## പ്രബന്ധമത്സരപ്പരീക്ഷയെപ്പററി ഒരു വിശദീകരണം

മാസികം തുടങ്ങിയമുതൽ—പതിനൊന്നുവർഷമായി— ഞങ്ങൾ വർഷംതോറും മുടങ്ങാതെ വിദ്യാർത്ഥികളുടെ നന്മയെ പുരസ്കരിച്ച്, സമസ്തകേരള തുഞ്ചൻസ്മാരക പ്രബന്ധമത്സരപ്പരീക്ഷകളും മററും നടത്തി പല ഇനങ്ങളിലായി ഇതിനകം എണ്ണായിരത്തിലേറെ ഉറുപ്പിക വിലവരുന്ന സമ്മാനങ്ങൾ വിദ്യാർത്ഥികൾക്ക് നൽകീട്ടുണ്ട്. ആറ് വിലവിടിച്ച ട്രോഫികളും വിജയം വരിച്ച സ്കൂളുകൾക്ക് സ്ഥിരപ്പെടുത്തീട്ടുണ്ട്. അംഗുലീപരിമിതമായ വരിക്കാരെക്കൊണ്ട് മാത്രം നടത്തുന്ന ഒരു മാസികയുടെ ആഭിമുഖ്യത്തിലാണിതൊക്കെ എന്നുപറഞ്ഞാൽ ആരും അത്ഭുതപ്പെട്ടുപോകും. ഞങ്ങളുടെ സ്ഥിതിയാകട്ടെ, വരിക്കാരെല്ലാം ശരിക്ക് പണം തന്നാൽതന്നെ എട്ടുമാസത്തെ മാസികച്ചിലവുപോലും നിർവ്വഹിക്കുവാൻ പ്രയാസമായിട്ടാണിരിക്കുന്നത്.

കേരള വിദ്യാഭ്യാസ ഡയറക്ടർ ഈയ്യിടെപോലും 22-9-1960-ൽ No J 3. 103076/60 മെമ്മോറാണ്ടംവഴി എല്ലാ സ്കൂളുകളും വരിക്കാരാകുവാൻ കല്പിച്ചിട്ടുണ്ട്. വരിസംഖ്യയാകട്ടെ സ്പെഷൽ ഫീസ്സിൽ നിന്ന് എടുക്കാവുന്നതുമാണ്. എന്നിട്ടും ഹെഡ്മാസ്റ്റർമാർ അലസമനസ്ഥിതരായിരിക്കുന്നത് കഷ്ടാൽകഷ്ടതരമാണ്. വരിക്കാരല്ലാത്ത സ്കൂളുകളെ യാതൊരു മത്സരങ്ങളിലും ചേർക്കരുതെന്നും അവക്ക് യാതൊരു സമ്മാനവും കൊടുക്കരുതെന്നും അതികൃതന്മാർ മുമ്പുതന്നെ ആജ്ഞാപിച്ചിട്ടുണ്ട്. ആരുടേയും കയ്യാൽ ഒരു നയാപൈസപോലും ചിലവില്ല. വിദ്യാർത്ഥികൾ തരുന്ന സ്പെഷൽഫീസ്സിൽ നിന്ന് ശതാംശത്തിൽ കുറഞ്ഞൊരു ഭാഗം അവരുടെ അഭ്യുദയത്തിന്നും നന്മക്കും വേണ്ടി ചിലവാക്കുവാൻ മാത്രമേ ഞങ്ങൾ ഹെഡ്മാസ്റ്റർമാരോട് അഭ്യർത്ഥിക്കുന്നുള്ളു.

കഴിഞ്ഞ പതിനൊന്നുവർഷവും പ്രബന്ധമത്സരത്തിന്ന് വരാവുന്ന നാലഞ്ച് വിഷയങ്ങൾ ഞങ്ങൾ മുൻകൂട്ടി പ്രസിദ്ധപ്പെടുത്തുകയായിരുന്നു പതിവ്. ഇനിമേൽ ആ പതിവ് തുടരുന്നതല്ല. ഓരോ ക്ലാസ്സിലെ മാനദണ്ഡമനുസരിച്ച് വിദഗ്ദ്ധന്മാരെക്കൊണ്ടെഴുതിച്ച് 1961 മെയ്മാസം—12-ാം വർഷം ആരംഭം—മുതൽ ഓരോ ലക്കത്തിലും പ്രത്യേകം അടയാളപ്പെടുത്തീട്ടുള്ള ലേഖനങ്ങൾ ചേർത്തുതുടങ്ങുകയാണ്. ഇതിന്നായി മാസികയിൽ പേജുകൂട്ടുന്നുണ്ട്. ഇത് വിദ്യാർത്ഥികളുടെ വായനശീലത്തിന്നും, ഭാഷാപരിചയത്തിന്നും, മററും കൂടുതൽ ഗുണപ്രദമായിരിക്കുമെന്നതിൽ സംശയമില്ല. മാസികയിലെ മററ് പ്രൗഢങ്ങളായ ലേഖനങ്ങളും കവിതകളും ഭാഷാപോഷണത്തിന്നും ആശയദാർഢ്യത്തിന്നും സഹായകവുമായിരിക്കും. ഓരോ ക്ലാസ്സിലും ഓരോ കോപ്പിയെങ്കിലും എടുക്കുന്നത് വിദ്യാർത്ഥികൾക്ക് അത്യധികം ഗുണപ്രദമാണ്. കുട്ടി ഒന്നിന്ന് വർഷത്തിൽ ഒന്നോ രണ്ടോ അണ മാത്രമേ ചിലവുചെയ്യേണ്ടതുള്ളു. ഫലമാണെങ്കിൽ വളരെ വിലപിടിച്ചതും. ഇങ്ങനെ വരിക്കാരായിച്ചേർന്ന ക്ലാസ്സുകൾക്ക് മത്സരപ്പരീക്ഷകൾക്കുള്ള പ്രവേശനഫീസ്സിൽ നിന്ന് നല്ലതായൊരു കിഴിവും അനുവദിച്ചുകിട്ടും. ഈ കിഴിവ് കുട്ടികൾ തരുന്ന വരിസംഖ്യയേക്കാൾ കൂടുതലും അവക്ക് ലാഭകരവുമാണ്.

ഇനി ഉണ്ടാവുന്ന മത്സരപ്പരീക്ഷകൾക്ക് വെറും സമ്മാനവും സർട്ടിഫിക്കറ്റും മാത്രമല്ല ഉണ്ടായിരിക്കുക. മാസിക തുടൎന്ന് വായിച്ച് മത്സരത്തിൽ ചേൎന്ന് പ്രശസ്തമായ് വിജയിക്കുന്ന അൎഹരായ കുട്ടികൾക്ക് വിദ്യാഭ്യാസം തുടരാൻ സാദ്ധ്യമല്ലാതെ വരുമ്പോൾ അവരുടെ ഭാവിജീവിതം ആരോഗ്യകരമാക്കിത്തീൎക്കാൻ ചില പദ്ധതികൾ ഞങ്ങൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. ട്രെയിനിങ്ങ്, ടൈപ്പ്റൈററിങ്ങ്, ഷോൎട്ട്ഹാൻറ്, നൎസിങ്ങ്, മിഡ്വൈഫറി, കമ്പൌണ്ടിങ്ങ്, കുടിൽവ്യവസായങ്ങൾ, ക്ലാൎക്കപണി ഇങ്ങനെ പലപ്രകാരത്തിലും അൎഹരായ വിദ്യാൎത്ഥികളെ സഹായിക്കുകയെന്നതാണ് ആ പദ്ധതി. ഇതിലേക്ക് പ്രത്യേക സൎട്ടിഫിക്കറ്റുണ്ട്. അത് സൂക്ഷിച്ചുവെച്ച് ആവശ്യം വരുമ്പോൾ ഞങ്ങളെ സമീപിക്കാവുന്നതാണ്.

അത്യന്തം ദുഷ്കരമായൊരു പദ്ധതിയാണ് ഇതെന്ന് ഞങ്ങൾക്കറിയാം. എന്ത് ക്ലേശം സഹിച്ചും വിദ്യാൎത്ഥികളുടെ നന്മക്കായി പ്രവൎത്തിക്കാൻ വ്രതമെടുത്തിട്ടുള്ള ഞങ്ങളോട് കേരളീയരാകമാനം സഹകരിക്കുമെന്ന് ഞങ്ങൾ കുറപ്പുണ്ട്.

പ്രിയപ്പെട്ട അദ്ധ്യാപകന്മാരെ! ഇനിയെങ്കിലും വിദ്യാൎത്ഥികളുടെ ഭാവിശ്രേയസ്സിനെ ആധാരമാക്കി ഒരു വരിക്കാരനായിച്ചേൎന്നും ഈ വിവരങ്ങൾ വിദ്യാൎത്ഥികളെ വിശദമായി അറിയിച്ച് ഓരോ ക്ലാസ്സിലും ഓരോ കോപ്പിയെങ്കിലും മാസിക എടുക്കുവാൻ സ്നേഹപൂൎവ്വം പ്രേരിപ്പിച്ചും ഈ പ്രസ്ഥാനത്തെ വിജയിപ്പിക്കുവാനഭ്യൎത്ഥിക്കുന്നു.

ക്ലാസ് ലീഡർമാർ പണം പിരിച്ച് ഹെഡ്മാസ്റ്റർ മുഖേന അയച്ചാൽ അവരുടെ മേൽവിലാസത്തിൽ ആ ക്ലാസ്സിലേക്കുള്ള മാസിക അയക്കുന്നതാണ്. ഇപ്പോൾ വളരെ കുറച്ച് പ്രതികൾ മാത്രമേ അച്ചടിക്കുന്നുള്ളു. മേയ്മാസം 10-ാംനു-ക്ക് മുമ്പ് മാസികം വേണ്ടവർ എഴുതി അറിയിച്ചാൽ അതനുസരിച്ച് മാസികയുടെ എണ്ണം കൂട്ടി അച്ചടിപ്പിക്കുന്നതാണ്. സമയം തെററിയാൽ പിന്നീട് പാശ്ചാത്തപിക്കേണ്ടിവരും.

ഇന്ത്യയിലല്ല, ലോകത്തിൽതന്നെ വിദ്യാൎത്ഥികൾക്കുവേണ്ടി ഇത്തരം നിഷ്കാമവും ക്ലേശാവഹവുമായ പ്രവൃത്തി യാതൊരു പത്രമാസികക്കാരും ഏതൽപര്യന്തം ചെയ്തിട്ടില്ല. അവരുടെ എല്ലാം ഉദ്ദേശ്യം പണം സമ്പാദിക്കുക എന്ന സ്വാൎത്ഥം മാത്രമാണ്. ഞങ്ങളാകട്ടെ, എല്ലാവരുടേയും സൌമ്യത്തോടുകൂടി ശുഷ്കാന്തിച്ചതാണെങ്കിലും അചഞ്ചലമായ സഹായഹസ്തം നീട്ടുകയാണ്. വരിസംഖ്യക്ക് ആറുറപ്പിക മാത്രമാണെന്നറിയാമല്ലോ. എല്ലാവരുടേയും സഹായസഹകരണം സാദരം അഭ്യൎത്ഥിക്കുന്നു.

*സിക്രട്ടറി,*

തുഞ്ചത്തെഴുത്തച്ഛൻ

ചിററൂർ-കൊച്ചി, പാലക്കാട്ട് ഡിസ്ട്രിക്ട്

## ലേഖകന്മാരോട്

ദീൎഘമേറിയ ലേഖനങ്ങൾ മേലാൽ ആരും അയക്കാതിരിക്കാനപേക്ഷ. വിദ്യാൎത്ഥികളുടെ നന്മയെ പുരസ്കരിച്ചുള്ള ലേഖനങ്ങൾക്ക് പ്രാധാന്യംകൂടും. അതിനാൽ അത്തരം ചെറുലേഖനങ്ങളയച്ചുതന്ന് സഹായിപ്പാൻ സാദരം അഭ്യൎത്ഥിക്കുന്നു. പത്രാധിപർ.